**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 14, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) വൃക്കരോഗ ചികിത്സയ്ക്ക് നൂതന ചികിത്സാ സംവിധാനം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: വൃക്കരോഗികൾക്ക് നൂതന ചികിത്സാസംവിധാനം ഏർപ്പെടുത്താനും ധനസഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. രോഗം മൂർച്ഛിക്കുമ്പോൾ മാത്രം കണ്ടെത്തുന്ന വൃക്കരോഗത്തിന് വൃക്ക മാറ്റിവയ്ക്കുകയോ ഡയാലിസിസ് ചെയ്യുകയോ മാത്രമാണ് പരിഹാരമാർഗ്ഗം. വൃക്ക മാറ്റിവച്ച രോഗികൾ സ്ഥിരമായി മരുന്ന് കഴിച്ചുകൊണ്ടിരിക്കുകയും വേണം. മരുന്നുകൾക്ക് പ്രതിമാസം 4,000 രൂപ മുതൽ 16,000 രൂപ ചെലവ് വരുന്നതിനാൽ അവരുടെ കുടുംബം സാമ്പത്തികമായി തകരുന്ന സ്ഥിതിയാണുള്ളത്. സംസ്ഥാനതലത്തിൽ വൃക്കരോഗി

കൾക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുകയും വൃക്കരോഗ ചികിത്സയ്ക്ക് ജില്ലാ ആശുപത്രികളിൽ നൂതന ചികിത്സാസൗകര്യങ്ങളും ഡിപ്പാർട്ടുമെന്റുകളും അനുവദിക്കുകയും ചെയ്യണം. പൊതുവിപണിയിൽ വൻവില ഈടാക്കുന്ന മരുന്നുകൾ സൗജന്യ നിരക്കിൽ വൃക്കരോഗികൾക്ക് വിതരണം ചെയ്യണം. വൃക്ക മാറ്റിവച്ച രോഗികൾക്ക് തുടർച്ചയായി മരുന്ന് കഴിക്കുന്നതിനായി ഒരു നിശ്ചിത സംഖ്യ പ്രതിമാസം ധനസഹായം നൽകണം. സർക്കാർ സർവീസിൽ നെഫ്റോളജിസ്റ്റ് ഡോക്ടർമാരെ നിർബന്ധിത സേവനത്തിന്റെ പരിധിയിൽ കൊണ്ടുവരണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുകയാണ്. വൃക്ക മാറ്റിവയ്ക്കുകയും ഡയാലിസിസ് ചെയ്യുകയുമാണ് ഇതിനുള്ള പരിഹാരമാർഗ്ഗം. ഇന്ന് അതിനുവേണ്ട സൗകര്യങ്ങൾ സർക്കാർ മേഖലയിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മൂന്ന് മെഡിക്കൽകോളേജ് ആശുപത്രികളിൽ മാത്രമാണുള്ളത്. സ്വകാര്യ ആശുപത്രികളിൽ ഈ ചികിത്സയ്ക്ക് വളരെ വലിയ ചെലവാണ് വേണ്ടിവരുന്നത്. സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ വൃക്കരോഗികൾക്കുവേണ്ട നൂതന ചികിത്സയും ഡയാലിസിസ് യൂണിറ്റും ലഭ്യമാക്കണമെന്ന ആവശ്യം പ്രായോഗികമാക്കാൻ ചില വൈഷമ്യങ്ങളുണ്ട്. ഹെൽത്ത് സർവ്വീസസിൽ നെഫ്റോളജിസ്റ്റ് എന്ന ഒരു തസ്തികയില്ല. ഈ വിഭാഗത്തിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബിരുദം നേടിയ ഡോക്ടർ ഹെൽത്ത് സർവ്വീസസിൽ ഇതുവരെ പ്രവർത്തിക്കാൻ വന്നിട്ടില്ല. ജനറൽ മെഡിസിനിൽ ബിരുദം നേടിയ ഡോക്ടർമാരുടെ എണ്ണവും വളരെ കുറവാണ്. വൃക്ക രണ്ടും തകർന്നുപോയിട്ടുള്ള രോഗികളെ ചികിത്സിക്കാനും ഡയാലിസിസ്

ചെയ്യാനും സാധാരണ ഡോക്ടർമാരോ നേഴ്സുമാരോ പോര എന്നത് കണക്കിലെടുക്കേണ്ടതുണ്ട്. ജീവകാരുണ്യ പ്രവർത്തനം നടത്തുന്നവർ ഇതിനുവേണ്ട സ്പെഷ്യലിസ്റ്റ് ഡോക്ടർമാരേയും ഡയാലിസിസ് മെഷീനുകളും എറണാകുളം, ആലുവ താലൂക്കാശുപത്രികളിൽ ലഭ്യമാക്കാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ രണ്ട് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്ന കാര്യം സർക്കാർ ആലോചിച്ചു വരികയാണ്. സ്വകാര്യമേഖലയിൽ നിന്ന് സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനം ലഭ്യമാകുമെങ്കിൽ മഞ്ചേരിയിലെ കാര്യവും പരിശോധിക്കാവുന്നതാണ്. ഫണ്ടിന്റെ അഭാവമില്ല. സൂപ്പർ സ്പെഷ്യാലിറ്റി ബിരുദം നേടിയ ഡോക്ടർമാരെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഒരു വർഷത്തെ നിർബന്ധിത സേവനത്തിന് വിധേയമാക്കി ജോലി ചെയ്യിക്കുന്നുണ്ട്.

## (2) മനുഷ്യാവകാശ സംഘടനകളുടെ വികസന വിരുദ്ധ വിധ്വംസക പ്രവർത്തനങ്ങൾ

ശ്രീ. പി. വിശ്വൻ: മനുഷ്യാവകാശ സംരക്ഷണത്തിന്റെ പേരിൽ കേരളീയ സമൂഹത്തെ അരാഷ്ട്രീയവൽക്കരിക്കാനും കലാപഭൂമിയാക്കി മാറ്റാനുമുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നത് തടയണം. ഇത്തരത്തിലുള്ള സംഘടനകൾ വികസനവിരുദ്ധ-വിധ്വംസക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ഒരു പൈസ പോലും പിരിക്കാതെ കോടിക്കണക്കിന് രൂപ ചെലവാക്കുകയും ചെയ്യുന്നുണ്ട്. ഇവരുടെ സാമ്പത്തിക സ്രോതസ്സും പ്രവർത്തനവും അന്വേഷിക്കണം. ഭൂമിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾക്കുപുറകിൽ മനുഷ്യാവകാശത്തിന്റെ പേരിൽ സോളിഡാരിറ്റി പോലുള്ള സംഘടനകൾ നടത്തുന്ന വിധ്വംസക പ്രവർത്തനങ്ങളെയും തടയാൻ നടപടി സ്വീകരിക്കണം. ആയുധ ശേഖരണം, കലാപങ്ങൾ സൃഷ്ടി

ക്കുക, ബോംബ് വർഷിക്കുക, ആരാധനാലയങ്ങളെ ബോംബ് സംഭരണ കേന്ദ്രങ്ങളാക്കി മാറ്റുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇതിന്റെ മറവിൽ വ്യാപകമായി നടക്കുന്നത്. വ്യവസായവൽക്കരണത്തിന്റെ ഭാഗമായി നടന്ന സ്ഥലമെടുപ്പിനെതിരെ കിനാലൂരിൽ നടത്തിയ കലാപത്തിനു പുറകിലും ഇത്തരം സംഘടനകളുടെ സജീവമായ ഇടപെടൽ ഉണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ തടയുന്നതിന് കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : മനുഷ്യാവകാശം സംരക്ഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് മനുഷ്യാവകാശ സംഘടനകൾ പ്രവർത്തിക്കേണ്ടത്. എന്നാൽ മനുഷ്യാവകാശ സംഘടന എന്ന പേരിൽ ചില സ്വകാര്യ സംഘടനകൾ ഈ ലക്ഷ്യത്തിന് വിപരീതമായി തികച്ചും സംഘടിതമായ ലക്ഷ്യത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പോലീസും ഇന്റലിജൻസ് വിഭാഗവും നിരീക്ഷണം നടത്തിവരികയാണ്. ചുരുക്കം ചില മനുഷ്യാവകാശ സംഘടനകൾ കേരളത്തിൽ അങ്ങിങ്ങുണ്ടായിട്ടുള്ള ദേശീയപാതാ വികസനം, റോഡ് വികസനം, വ്യവസായവൽക്കരണം എന്നിവയ്ക്കെതിരായി മറ്റു രാഷ്ട്രീയ സംഘടനകളുമായി ചേർന്ന് പ്രതിഷേധ സമരങ്ങളിൽ പങ്കെടുത്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം മനുഷ്യാവകാശ സംഘടനകളിൽ പലതും ചില താല്പര്യങ്ങളുടെ സംരക്ഷണാർത്ഥം പ്രവർത്തിക്കുന്നവയാണ്. ഇവയിൽ പലതും രാഷ്ട്രീയ-സാമുദായിക സംഘടനകൾ വഴി പ്രാദേശികമായി ധനം സമാഹരിക്കുന്നതായും ചില സംഘടനകൾക്ക് വിദേശസഹായം ലഭിക്കുന്നതായും റിപ്പോർട്ടുണ്ട്. ഇത്തരം സംഘടനകളുടെ സാമ്പത്തിക സ്രോതസ്സ് അന്വേഷി

ക്കുവാൻ നിലവിലുള്ള നിയമപ്രകാരം സംസ്ഥാന സർക്കാരിന് പരിമിതിയുണ്ട്. വിദേശത്തുനിന്നുള്ള ധനസമാഹരണം നിരീക്ഷിക്കുകയും നടപടിയെടുക്കുകയും ചെയ്യാനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. ബാങ്ക് വഴിയുള്ള ഇടപാടുകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും ഹവാല ഇടപാടുകൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റുമാണ് പരിശോധിക്കേണ്ടത്. കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്ത ഉന്നതതലയോഗത്തിൽ ഈ പ്രശ്നം ഗൗരവമായി ചർച്ച ചെയ്യുകയുണ്ടായി. സംസ്ഥാനത്ത് ഒഴുകുന്ന വിദേശപണം ഇത്തരത്തിലുള്ള വിധ്വംസക ശക്തികളുടെ കയ്യിലേയ്ക്ക് പോകുന്നുണ്ടോ എന്ന് ഗൗരവമായി പരിശോധിക്കേണ്ടതുകൊണ്ട് ഇക്കാര്യങ്ങളെല്ലാം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന മുഖ്യമന്ത്രിതന്നെ ഈ പ്രശ്നത്തിൽ കേന്ദ്രഗവൺമെന്റിന് വിവരം നൽകാനും കത്തയയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. മനുഷ്യാവകാശ നിയമ സംരക്ഷണത്തിന് മനുഷ്യാവകാശ കമ്മീഷൻ വളരെ സജീവമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ചില സ്വകാര്യ സംഘടനകൾ മനുഷ്യാവകാശത്തിന്റെ മറവിൽ ആയുധ ശേഖരണം, ബോംബ് നിർമ്മാണം, ബോംബ് ശേഖരണം ഇതെല്ലാം നടത്താനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ഇത് ഒരു കാരണവശാലും ഗവൺമെന്റ് അനുവദിക്കുകയില്ല. ഏത് മതത്തിന്റെ പേരിലായാലും ആരാധനാലയങ്ങൾ ആയുധപ്പുരകളാക്കി മാറ്റാൻ അനുവദിക്കുകയില്ല. ഇത്തരം കാര്യങ്ങൾ കർശന പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

**സബ്മിഷൻ**

(1) <u>വനത്തിനുള്ളിൽ കഴിയുന്ന ആദിവാസികൾക്ക് വീടും ഭക്ഷണവും</u>

<u>ശ്രീ. രാജു എബ്രഹാം</u> : ചാലക്കയം-ശബരിമല- മൂഴിയാർ വനപ്രദേശങ്ങളിൽ അധിവസിക്കുന്ന ആദിവാസികൾക്ക് വീടും കൃത്യമായി ഭക്ഷണവും നൽകാൻ അടിയന്തിര നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ.എ. കെ. ബാലൻ)</u> : റാന്നി-പെരുനാട് ഗ്രാമപഞ്ചായത്തിൽപ്പെട്ട മൂഴിയാർ, ചിപ്പൻകുഴി തുടങ്ങിയ സ്ഥലങ്ങളിലായി ആദിവാസി വിഭാഗത്തിൽപ്പെട്ട 37 മലപണ്ടാര കുടുംബങ്ങളാണ് താമസിച്ചുവരുന്നത്. റാന്നി വനമേഖലയിലെ ഗൂഡ്റിക്കൽ റേഞ്ചിൽ കുടിൽകെട്ടി താമസിക്കുന്ന ഇക്കൂട്ടർ വനവിഭവങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി ഇടയ്ക്കിടയ്ക്ക് വാസസ്ഥലം മാറുന്ന പ്രവണതയുള്ളവരാണ്. ഇവർക്കാവശ്യമായ ഭക്ഷണസാധനങ്ങൾ, ചികിത്സ എന്നിവ എത്തിച്ചുകൊടുക്കുന്നതിന് എസ്.ടി. പ്രൊമോട്ടർമാർ ശ്രമം നടത്തിവരുന്നുണ്ട്. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ജില്ലയിലെ 126 മലപണ്ടാര കുടുംബങ്ങൾക്ക് 30 കിലോഗ്രാം വീതം അരിയും 2.25 കിലോഗ്രാം വീതം ചെറുപയറും വേതനമായി 600 രൂപ വീതവും മേയ് മാസത്തിൽ പെരിനാട് ഗ്രാമപഞ്ചായത്ത് അരിയും പലവ്യഞ്ജനങ്ങളും നൽകുകയുണ്ടായി. 05-07-2010-ന് ജില്ലാകളക്ടറുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും നേതൃത്വത്തിൽ ഭക്ഷ്യധാന്യങ്ങളും സിവിൽ സപ്ലൈസ് കോർപ്പേറേഷൻ 50 കിലോ അരിയും ഓരോ കുടുംബത്തിനും പ്രത്യേകം കമ്പിളിയും നൽകുകയുണ്ടായി. ചാലക്കയം കോളനിയിൽ റേഷൻകാർഡില്ലാത്ത 14 കുടുംബങ്ങൾക്ക് റേഷൻകാർഡ് നൽകുകയും മൂഴിയാർ മേഖലയിലെ മുഴുവൻ കുടും

ബങ്ങൾക്കും റേഷൻകാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. റിസർവ്വ് വനങ്ങളിലും വനാന്തർഭാഗത്തും താമസിക്കുന്ന ഇവർക്ക് സ്ഥിരം വീട് നിർമ്മിച്ചുനൽകുന്നതിന് വനനിയമങ്ങൾ തടസ്സമായതിനാലും വനം ഉപേക്ഷിച്ച് മറ്റൊരിടത്ത് ഇവർ താമസിക്കാൻ തയ്യാറുമല്ലാത്ത സാഹചര്യത്തിൽ ഇവരിൽനിന്നും ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് വീടും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്താൻ കഴിയുന്നതാണ്.

(2) സംസ്ഥാനത്തിന്റെ പേര് കേരളം എന്ന് രേഖപ്പെടുത്താൻ നടപടി

ശ്രീ. ബാബു എം. പാലിശ്ശേരി : സംസ്ഥാനത്തെ വിവിധ വകുപ്പുകളും അധികാരികളും പുറപ്പെടുവിക്കുന്ന ഉത്തരവുകളിലും കത്തിടപാടുകളിലും സംസ്ഥാനത്തിന്റെ പേര് 'കേരളം' എന്ന് സംബോധന ചെയ്യുന്നതിനും രേഖപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ബോംബെ, മദ്രാസ് എന്ന സ്ഥലപ്പേരുകൾ മാറ്റിയതുപോലെ സംസ്ഥാനത്തിന്റെ പേരും 'കേരളം' എന്നാക്കണമെന്ന ആവശ്യം സർക്കാർ പരിശോധിക്കുന്നതാണ്. സ്ഥലനാമങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം റവന്യൂ വകുപ്പുമന്ത്രി അധ്യക്ഷനായ കമ്മിറ്റിയാണ് പരിശോധിക്കേണ്ടത്. സംസ്ഥാനത്തിന്റെ തന്നെ പേരിൽ മാറ്റം വരുത്തുന്ന കാര്യം വിദഗ്ദ്ധരുടെകൂടി അഭിപ്രായം ആരാഞ്ഞ് സമവായത്തിലൂടെ മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

(3) എൻഡോസൾഫാൻ തളിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. പി. സി. ജോർജ് : കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ അമരാവതി, പുലിക്കുന്ന്, കരിനിലം ഉൾപ്പെടെയുള്ള മേഖലകളിൽ പാട്ടക്കാലാവധി കഴിഞ്ഞ ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള

റബ്ബർതോട്ടത്തിൽ വ്യാപകമായി ചെയ്തിരിക്കുന്ന കൈതക്കൃഷിയിൽ എൻഡോസൾഫാനും ഹോർമോണും തളിക്കുന്നതുമൂലം അവിടത്തെ മണ്ണ് മണലായി രൂപപ്പെടുകയും ചെമ്പൻതോട്, മണിമലയാർ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുകയും ചെയ്തിരിക്കുകയാണ്. കൈതച്ചെടിയുടെ ഇലകളിലും പൂക്കളിലും വെള്ളം കെട്ടിനിൽക്കുന്നതുമൂലം കൊതുകുശല്യം വർദ്ധിച്ചിരിക്കുന്നതിനാൽ പകർച്ചവ്യാധികൾ പടരുന്ന സാഹചര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ച് കൈതക്കൃഷി നിയന്ത്രിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : മുണ്ടക്കയം മേഖലയിൽ ഹാരിസൺ മലയാളം പ്ലാന്റേഷന്റെ റബ്ബർ റീ-പ്ലാന്റ് ചെയ്യുന്ന തോട്ടങ്ങളിൽ കൈതക്കൃഷി നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈതയുടെ പുഷ്പിക്കൽ ഉത്തേജിപ്പിക്കുന്നതിനും നിശ്ചിത കാലയളവിൽ വിള ലഭിക്കുന്നതിനും എത്തിഫോൺ എന്ന മരുന്ന് ഉപയോഗിക്കുന്നതുമൂലം ചെമ്പൻതോട്, മണിമലയാർ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ മലിനപ്പെടുന്നുവെന്ന വിഷയത്തിന്മേൽ ഇതുവരെ ശാസ്ത്രീയമായ പഠനം നടത്തിയിട്ടില്ല. ജനവാസ കേന്ദ്രങ്ങളായ അമരാവതി, പുലിക്കുന്ന്, കരിനിലം ഉൾപ്പെടെയുള്ള മേഖലകളിൽ കൈതപ്പൂവിലും ഇലകളിലും വെള്ളം കെട്ടി നിൽക്കുന്നതുമൂലം കൊതുകുകൾ പെരുകുന്നുവെന്നും ഡെങ്കിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ രോഗങ്ങൾക്കുള്ള സാധ്യതയുണ്ടെന്നും മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുകയും കൈതക്കൃഷി ഒഴിവാക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഹാരിസൺ മലയാളം പ്ലാന്റേഷന് പാട്ടത്തിന് നൽകിയ സ്ഥലത്ത് കൈതക്കൃഷി ചെയ്യു

ന്നത് അനുവദനീയമാണോയെന്നതും പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയാണെങ്കിൽ സർക്കാർ ഏറ്റെടുക്കുന്ന കാര്യവും പ്രത്യേകം പരിശോധിക്കുന്നതാണ്.

### (4) വണിക-വൈശ്യ സമുദായത്തെ ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. എം. മുരളി : സംസ്ഥാനത്തെ പത്തുലക്ഷത്തോളം വരുന്ന വണിക-വൈശ്യ സമുദായക്കാരെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്തണമെന്ന ആവശ്യങ്ങൾ ഉന്നയിച്ച് ഇന്ന് സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയാണ്. സംസ്ഥാനത്ത് ജോലി സംവരണം നൽകുന്നതിനുള്ള എട്ടാം ഗ്രൂപ്പിൽപ്പെടുന്ന 70 സമുദായങ്ങളിൽ വണിക-വൈശ്യ സമുദായമുൾപ്പെടെയുള്ളവരെ പിന്നോക്ക സമുദായമായി അംഗീകരിച്ച് പരമ്പരാഗത കുലത്തൊഴിലിന്റെ അടിസ്ഥാനത്തിൽ വിശ്വകർമ്മ വിഭാഗങ്ങൾക്ക് നൽകിയ പരിഗണന നൽകാനും അവരുടെ പിന്നോക്കാവസ്ഥ നിർണ്ണയിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : വണിക-വൈശ്യ വിഭാഗത്തിന് ഒ.ബി.സി. വിഭാഗത്തിന് അർഹതപ്പെട്ട ഉദ്യോഗസംവരണം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നിലവിൽ ലഭിച്ചുവരുന്നുണ്ട്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ സാധ്യമാകുകയുള്ളൂ. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ജസ്റ്റീസ് രാജേന്ദ്രബാബു കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ചില പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങളെ ക്രീമിലെയർ പരിധിയിൽനിന്ന് ഒഴിവാക്കി

യിട്ടുള്ളതും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് ക്രീമിലെയർ പരിധി നിശ്ചയിച്ചിട്ടുള്ളതും. പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ടിൽ വണിക-വൈശ്യ വിഭാഗത്തെ ക്രീമിലെയറിന്റെ പരിധിയിൽനിന്ന് ഒഴിവാക്കുന്നതിന് ശുപാർശകളൊന്നും നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ഈ സമുദായത്തെ ക്രീമിലെയറിൽനിന്നും ഒഴിവാക്കാൻ നിർവ്വാഹമില്ല.

(5) തുറവൂർ-പമ്പ പാത

ശ്രീ. എ.എം. ആരിഫ്: ആലപ്പുഴ ജില്ലയുടെ വടക്കു ഭാഗത്തുനിന്നും മറ്റു സ്ഥലങ്ങളിൽ നിന്നും വരുന്ന തീർത്ഥാടകർക്ക് എളുപ്പം ശബരിമലയിൽ എത്താൻ സാധിക്കുന്ന തുറവൂർ-പമ്പ പാതയുടെ പ്രധാന പാലങ്ങളായ തുറവൂർ-തൈക്കാട്ടുശ്ശേരി, നേരേക്കടവ്-മക്കേക്കടവ് എന്നിവയുടെ മിക്കവാറും എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയ സാഹചര്യത്തിൽ പള്ളിത്തോട് തീരദേശം മുതൽ സ്റ്റേറ്റ് ഹൈവേ വരെയുള്ള 15 കിലോമീറ്റർ റോഡ് എം.ഡി.ആർ. ആയി ഉയർത്തി തുറവൂർ-പമ്പ പാതയുടെ ഭാഗമായി വികസിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക് ): നിർദ്ദിഷ്ട തുറവൂർ-പമ്പ പാതയുടെ പ്രധാന പാലങ്ങളായ തുറവൂർ-തൈക്കാട്ടുശ്ശേരി, നേരേക്കടവ്-മക്കേക്കടവ് പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായി. ഇവയുടെ അനുബന്ധമായി വരുന്ന റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമിയുടെ വില ഉൾപ്പെടെ പാലങ്ങളുടേയും റോഡിന്റേയും നിർമ്മാണത്തിന് 150 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമേയുള്ളൂ. 80 ശതമാനം കേന്ദ്രഫണ്ട് ലഭ്യമാകുകയാണെങ്കിൽ ഭരണാനുമതി നൽകാൻ തടസ്സമില്ല.

ഭൂമി ഫ്രീ സറണ്ടറായി ലഭ്യമാകുകയാണെങ്കിലോ ഭൂമിയുടെ വില ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്യുകയോ ചെയ്താൽമാത്രമേ ഈ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ.

(6) റിലീസ് ഡീഡിന്റെ സ്റ്റാമ്പ് ഡ്യൂട്ടി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: പിന്തുടർച്ചാവകാശം വഴി കൂട്ടു കുടുംബങ്ങളിൽ നടത്തുന്ന പാർട്ടീഷൻ ഡീഡുകൾക്കും റിലീസ് ഡീഡുകൾക്കും പവർ ഓഫ് അറ്റോർണിക്കും ഗിഫ്റ്റ് ഡീഡുകൾക്കും സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് നൽകുകയും മൈനർമാരെ ഒഴിവാക്കുകയും ചെയ്യണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): നിലവിലുള്ള നിയമപ്രകാരം ഒഴിമുറി ആധാരങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് വിലയാധാരങ്ങളുടെ അതേ നിരക്ക് തന്നെയാണ്. പഞ്ചായത്ത്-മുനിസിപ്പാലിറ്റി-കോർപ്പറേഷനുകളിൽ 7, 8, 9 എന്നീ ശതമാന ക്രമത്തിലാണ് വരുന്നത്. എന്നാൽ ഭാര്യാ-ഭർത്താക്കന്മാർ പരസ്പരമോ മാതാപിതാക്കൾ മക്കൾക്കോ എഴുതിനൽകുന്ന ഒഴിമുറി ആധാരങ്ങൾക്ക് 5 ശതമാനം മുദ്രവില നിരക്കാണുള്ളത്. ഒഴിമുറി സെയിൽസ് ഡീഡ് ആക്കിമാറ്റുന്നതിന്റെ ഫലമായുണ്ടാകുന്ന പ്രയാസവും ഭാഗാധാരങ്ങളുടെ പ്രശ്നവും സർക്കാർ ഗൗരവമായി കണക്കിലെടുത്ത് ധനകാര്യവകുപ്പുമായി ആലോചിച്ച് ഇത് വീണ്ടും കുറയ്ക്കുന്നതിന് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(7) ലൈബ്രറി ഓഫീസ് കെട്ടിടത്തിന് സ്ഥലം

ശ്രീ. സാജുപോൾ: പെരുമ്പാവൂരിലെ ട്രഷറി ഗ്രൗണ്ടിൽ താലൂക്ക് ലൈബ്രറി കൗൺസിലിന്റെ ആസ്ഥാനം സ്ഥാപിക്കാനായി പത്ത് സെന്റ് സ്ഥലം അനുവദിച്ച് നൽകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : പെരുമ്പാവൂരിലെ ട്രഷറി ഗ്രൗണ്ടിൽ താലൂക്ക് ലൈബ്രറി കൗൺസിലിന്റെ ആസ്ഥാനം സ്ഥാപിക്കുന്നതിനായി അഞ്ച് സെന്റ് സ്ഥലം അനുവദിക്കണമെന്ന ലൈബ്രറി കൗൺസിൽ സെക്രട്ടറി നൽകിയ അപേക്ഷ സർക്കാർ പരിശോധിക്കുകയുണ്ടായി. പ്രസ്തുത സ്ഥലത്ത് വിവിധ സർക്കാർ ഓഫീസുകളും നിലവിൽ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണവും പൂർത്തിയായി വരുന്നുണ്ട്. എന്നിരുന്നാലും പൊതുതാല്പര്യം കണക്കിലെടുത്ത് ലൈബ്രറി കൗൺസിലിന് അഞ്ച് സെന്റ് സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(8) ആനപ്പാന്തം ആദിവാസി കോളനിക്കാർക്ക് ഭൂമി അനുവദിക്കാൻ നടപടി

പ്രൊഫ. സി. രവീന്ദ്രനാഥ്: കൊടകര നിയോജക മണ്ഡലത്തിലെ ആനപ്പാന്തം ആദിവാസി കോളനിയിലെ താമസക്കാർക്ക് ഒരേക്കർ ഭൂമി അടിയന്തിരമായി നൽകി വീട് വയ്ക്കാനുള്ള സാഹചര്യം ഉണ്ടാക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ): പ്രസ്തുത കോളനിയിൽ പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരാണ് താമസിച്ചുവരുന്നത്. 14-7-05-നുണ്ടായ ശക്തമായ ഉരുൾപൊട്ടലിൽ രണ്ടുപേർ മരിക്കുകയും മിക്കവാറും വീടുകൾ വാസയോഗ്യമല്ലാതാകുകയും ചെയ്തതിനെത്തുടർന്ന് കോളനിവാസികളെ അടിയന്തിര ദുരതാശ്വാസ ക്യാമ്പിലേക്ക് മാറ്റുകയും വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ള വെള്ളിക്കുളങ്ങര കശുമാവ് തോട്ടത്തിൽ സ്ഥലം നൽകാമെന്ന് നിർദ്ദേശിക്കുകയും ചെയ്തെങ്കിലും പ്രസ്തുത സ്ഥലം ആദിവാസികൾക്ക് സ്വീകാര്യമായില്ല. ഉരുൾപൊട്ടൽ നടന്ന സ്ഥലത്ത് നടത്തിയ വിശദമായ പഠനത്തിൽ പ്രസ്തുത സ്ഥലം അപകടമേഖലയാണെന്നും താമസയോഗ്യ

മല്ലെന്നും കണ്ടെത്തിയതിനെത്തുടർന്ന് ആനപ്പാന്തം കോളനിക്ക് സമീപം ചേരിൻകയം എന്ന സ്ഥലത്ത് താൽക്കാലിക ഷെഡ്ഡുകൾ നിർമ്മിച്ച് താമസിച്ചു വരികയാണ്. ആനപ്പാന്തം കോളനിയിൽ നിന്നും ഇവരെ മാറ്റിപ്പാർപ്പിക്കുന്ന തിനായി സമഗ്രമായ പദ്ധതി തയ്യാറാക്കുകയാണ്. വനഭൂമിയായ ശാസ്താംപൂവം എന്ന സ്ഥലത്ത് വനാവകാശ നിയമത്തിനു കീഴിൽ ആനപ്പാന്തം ആദിവാസി കോളനിയിലെ മുഴുവൻ ആദിവാസികൾക്കും സ്ഥലം നൽകാൻ കഴിയും. ഇതുസംബന്ധിച്ച് 6-7-09-ന് റവന്യൂ, വനം വകുപ്പുമന്ത്രിമാരുടേയും സ്ഥലം എം.എൽ.എ-യുടേയും മറ്റ് ഉന്നത ഉദ്യോഗ സ്ഥരുടേയും സാന്നിദ്ധ്യത്തിൽ വിശദമായ ചർച്ചകൾ നടത്തി ശാസ്താംപൂവത്ത് കണ്ടെത്തിയ സ്ഥലം വിതരണം ചെയ്യാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ ചുമതലപ്പെടുത്തുകയും സമയബന്ധിതമായി സ്ഥലം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(9) <u>പാലം പുതുക്കി പണിയാൻ നടപടി</u>

<u>ശ്രീ. എം.കെ. പ്രേംനാഥ്</u> : വടകര മണ്ഡലത്തിൽ കുറ്റ്യാടി ഇറിഗേഷന്റെ കീഴിലുള്ള കനാൽ പാലം തകർന്ന് ചേറോട് സ്കൂളിലെ അഞ്ച് കുട്ടികൾക്ക് ഗുരുതരമായി പരിക്കുപറ്റിയിട്ടുണ്ട്. കുറ്റ്യാടി ഇറിഗേഷന്റെ കീഴിലുള്ള കനാലിനുകുറുകെയുള്ള പഴകി ദ്രവിച്ച പാലം പുനർനിർമ്മിക്കുന്നതിനും പരിക്കേറ്റ കുട്ടികൾക്ക് ചികിൽസാ സഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u> : 1993-ൽ പൂർത്തീകരിച്ച കുറ്റ്യാടി ജലസേചനപദ്ധതിയുടെ. കനാലുകൾക്ക്

കാലപ്പഴക്കത്താൽ സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പദ്ധതിയിലെ അഴിയൂർ ബ്രാഞ്ച് കനാലിൽ ഏതാണ്ട് 30 വർഷത്തിന് മുമ്പ് പണിതീർത്ത മഴവെള്ളം ഒഴുകുന്ന സൂപ്പർപാസ്സേജിലാണ് ജൂലൈ മാസം 2-ാം തീയതി അപകടം സംഭവിച്ചത്. സൂപ്പർപാസ്സേജിലേയ്ക്ക് പ്രവേശനം നിരോധിച്ചുകൊണ്ട് നിർമ്മിച്ചിരുന്ന വേലി മറികടന്ന് സൂപ്പർ പാസ്സേജിലേയ്ക്ക് പ്രവേശിച്ച വിദ്യാർത്ഥികളാണ് അപകടത്തിൽപ്പെട്ടത്. കാലപ്പഴക്കംകൊണ്ട് അപകടാവസ്ഥയിലായിട്ടുള്ള കനാലുകളിലെ പാലങ്ങൾ, മേൽപ്പാലങ്ങൾ, സൂപ്പർപാസ്സേജ്, അണ്ടർകനാൽ തുടങ്ങിയവ പുതുക്കിപ്പണിയാനും അറ്റകുറ്റപ്പണികൾ നടത്താനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അവയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി മലബാർ ഇറിഗേഷൻ പാക്കേജിൽ ഒന്നാംഘട്ടമായി 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിലുൾപ്പെടുത്തി ആ പ്രവൃത്തികൾക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) തടയണകൾ നിർമ്മിക്കാൻ നടപടി

ശ്രീമതി.ജെ..അരുന്ധതി: വാമനപുരം നദിയിൽ കുടിവെള്ളത്തിനു വേണ്ടി തടയണകൾ നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : വാമനപുരം നദിയിൽ പുരവൂർ പുഴക്കടവിൽ ഒരു തടയണ നിർമ്മിക്കാൻ 5.53 കോടി രൂപയുടെ പ്രൊപ്പോസൽ 5-6-2010-ൽ കൂടിയ സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് കമ്മിറ്റി സ്കീം സാംഗ്ഷനിംഗ് കമ്മിറ്റിയിൽ സമർപ്പിച്ചെങ്കിലും കമ്മിറ്റി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരത്തോടുകൂടി അടുത്ത

എസ്.എൽ.എസ്.സി-യിൽ സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സജീവമായി ഈ പദ്ധതി പരിഗണിക്കുന്നതാണ്.

(11) ചുള്ളിക്കോട് ഹൈസ്ക്കൂളിൽ സ്റ്റാഫിനെ നിയമിക്കാൻ നടപടി

ശ്രീ. പി.കെ. അബ്ദുറബ്ബ് : മഞ്ചേരി മണ്ഡലത്തിൽ മുതുവല്ലൂർ പഞ്ചായത്തിലെ ചുള്ളിക്കോട് ഗവൺമെന്റ് ഹൈസ്കൂളിൽ ആവശ്യമായ അദ്ധ്യാപകരേയും അനദ്ധ്യാപകരേയും നിയമിക്കാനും ആ സ്കൂൾ ഹയർ സെക്കണ്ടറി സ്കൂളായി അപ്ഗ്രേഡ് ചെയ്യാനുമുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പ്രസ്തുത സ്കൂൾ ഹയർസെക്കണ്ടറി സ്കൂളായിട്ട് ഉയർത്തണമെന്നുള്ള ആവശ്യം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കാം. ഹൈസ്ക്കൂൾ അപ്ഗ്രേഡേഷനുമായി ബന്ധപ്പെട്ട് ചില ആശയകുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ട്. 2007-ൽ ഗവൺമെന്റ് ചുള്ളിക്കോട് യു.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്തു. അതിനുശേഷം അതേ ഗ്രാമപഞ്ചായത്തിലെ മുതുവല്ലൂർ യു.പി. സ്കൂളും അപ്ഗ്രേഡ് ചെയ്തു. ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച് കേസ് പോയപ്പോൾ ഹൈക്കോടതി . ചുള്ളിക്കോട് സ്കൂൾ അപ്ഗ്രേഡ് ചെയ്തത് ഒഴിവാക്കി മുതുവല്ലൂർ സ്കൂളിന്റെ അപ്ഗ്രഡേഷൻ നിലനിർത്തണമെന്ന് നിർദ്ദേശിച്ചു. രണ്ട് സ്കൂളുകളും ഹൈസ്ക്കൂളായി നിലനിർത്താൻ കഴിയുമോയെന്നുള്ളത് പരിശോധിക്കാം. അദ്ധ്യാപകരുടെ നിയമനത്തിന്റെ കാര്യത്തിലും കഴിയുന്നത്ര വേഗത്തിൽ പരിഹാരമുണ്ടാക്കാൻ ശ്രമിക്കാം.

(12) <u>തലസ്ഥാന നഗര വികസന പദ്ധതി</u>

<u>ശ്രീ. വി. ശിവൻകുട്ടി</u> : തലസ്ഥാന നഗര വികസനവുമായി ബന്ധപ്പെട്ട് 2004-ൽ 525 കോടി രൂപയുടെ എഗ്രിമെന്റ് വച്ചിട്ട് ആറുവർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. തലസ്ഥാന നഗരവികസന പദ്ധതി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും റോഡ് കുഴിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ഡിപ്പാർട്ടുമെന്റുകൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): തിരുവനന്തപുരം നഗരവികസന പദ്ധതിയുടെ ഭാഗമായി നഗരത്തിലെ തിരക്കേറിയ 42.37 കിലോമീറ്റർ റോഡുകൾ വീതികൂട്ടി നവീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കേരള റോഡ്സ് ഫണ്ട് ബോർഡ് തിരുവനന്തപുരം റോഡ് ഡെവലെപ്പ്മെന്റ് കമ്പനി ലിമിറ്റഡുമായി 16-03-2004-നാണ് കരാർ ഒപ്പുവച്ചത്. കരാറിലെ വ്യവസ്ഥ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടിയിരുന്ന 16-11-2006-നുള്ളിൽ മൂന്നിലൊന്ന് സ്ഥലം പോലും എടുത്തുനൽകുന്നതിന് കഴിഞ്ഞില്ല. സ്ഥലം ഏറ്റെടുത്ത് നൽകിയതനുസരിച്ച് ഏകദേശം 14 കിലോമീറ്റർ റോഡിന്റെ നിർമ്മാണം ഭാഗികമായി പൂർത്തിയാക്കി. സർക്കാർ നടത്തിയ ദീർഘമായ ചർച്ചയ്ക്കൊടുവിൽ പണി പുനരാരംഭിക്കുന്നതിന് കമ്പനി കരാർ ഒപ്പുവച്ചുവെങ്കിലും പല കാരണങ്ങൾ കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ വീണ്ടും വൈകി. അതിനുശേഷം കമ്പനിയുമായി ഉണ്ടാക്കിയ അനുബന്ധ കരാറനുസരിച്ച് തകരപ്പറമ്പ് ഫ്ളൈ ഓവർ ഉൾപ്പെടുന്ന ഭാഗം, പട്ടം-മെഡിക്കൽ കോളേജ് എന്നിവയുടെ

പണികൾ 2010 ഒക്ടോബർ 31-ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇപ്പോൾ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നടക്കുന്നതെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കമ്പനി പ്രതിനിധികളുമായി വീണ്ടും ചർച്ച ചെയ്ത് പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(13) ബ്ളോക്ക് പഞ്ചായത്ത് പുന:സംഘടന

ശ്രീ. എം.എ. വാഹീദ്: കഴക്കൂട്ടം ആസ്ഥാനമായി പ്രവർത്തിക്കുന്ന കഴക്കൂട്ടം ബ്ളോക്ക് പഞ്ചായത്തിന് പോത്തൻകോട് എന്ന് നാമകരണം ചെയ്തിരിക്കുന്നത് ഒഴിവാക്കി കഴക്കൂട്ടം എന്ന പേര് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി): കഴക്കൂട്ടം ബ്ളോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന കഴക്കൂട്ടം, ശ്രീകാര്യം പഞ്ചായത്തുകൾ തിരുവനന്തപുരം കോർപ്പറേഷനോട് സംയോജിപ്പിക്കുന്നതിന് തീരുമാനിച്ച സാഹചര്യത്തിലാണ് കഴക്കൂട്ടം ബ്ളോക്ക് പഞ്ചായത്തിന് പുന:സംഘടന ആവശ്യമായി വന്നത്. കഴക്കൂട്ടം ഗ്രാമപഞ്ചായത്ത് നഗരസഭയുടെ ഭാഗമായി മാറുന്ന സാഹചര്യത്തിൽ പുന:സംഘടിപ്പിക്കപ്പെട്ട ബ്ളോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ പേര് നൽകുന്നതായിരിക്കും അഭികാമ്യമെന്ന് കണ്ടു. ബ്ളോക്ക് പഞ്ചായത്തിന്റെ പുന:സംഘടന സംബന്ധിച്ച കരട് വിജ്ഞാപനത്തിലും പുന:സംഘടിപ്പിക്കപ്പെട്ട ബ്ളോക്ക് പഞ്ചായത്തിന്റെ പേര് പോത്തൻകോട് എന്നും ആസ്ഥാനം കഴക്കൂട്ടമെന്നുമാണ്

കാണിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് ലഭിച്ച പരാതികളും നിർദ്ദേശങ്ങളും പരിശോധിക്കുകയും നേരിൽ കേൾക്കുകയും ഉദ്യോഗസ്ഥതല അന്വേഷണം നടത്തുകയും ചെയ്തതിനുശേഷം കരട് വിജ്ഞാപനത്തിലെ നിർദ്ദേശം സ്ഥിരീകരിക്കുകയാണ് ചെയ്തത്.

ധനകാര്യം

## 2010-2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ് (64,03,95,000)

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും (246,92,17,000)

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XIV. - സ്റ്റേഷനറിയും, അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും 138,35,46,000

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): എക്സൈസ് എന്ന VIII -ാം നമ്പർ ധനാഭ്യർത്ഥനയേയും, തൊഴിലും തൊഴിലാളിക്ഷേമവും

എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സ്റ്റേഷനറിയും, അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.ബാബു, വർക്കല കഹാർ, ജോർജ് മേഴ്സിയർ, തേറമ്പിൽ രാമകൃഷ്ണൻ, എം.എ. വാഹീദ്, എ.എ. ഷുക്കൂർ, ടി.എൻ. പ്രതാപൻ, എൻ.ശക്തൻ, അടൂർ പ്രകാശ്, എം.മുരളി, സി.പി. മുഹമ്മദ്, വി.ഡി. സതീശൻ, കെ.സി.ജോസഫ്, ഡൊമിനിക് പ്രസന്റേഷൻ, ബി. ബാബു പ്രസാദ്, തോമസ് ഉണ്ണിയാടൻ, റോഷി അഗസ്റ്റിൻ, ആര്യാടൻ മുഹമ്മദ്, സി.ടി. അഹമ്മദ് അലി, പി.കെ. അബ്ദുറബ്ബ്, കെ.കുട്ടി അഹമ്മദ് കുട്ടി, വി.കെ. ഇബ്രാഹിം കുഞ്ഞ്, എം.ഉമ്മർ, പ്രൊഫ. എൻ. ജയരാജ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. വർക്കല കഹാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് നിർബാധം നടത്തുന്ന മദ്യക്കച്ചവടം തടയുന്നതിന് നടപടി സ്വീകരിക്കണം. ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളികൾക്ക് വെൽഫെയർ ഫണ്ട് അനുവദിക്കുന്നതിനുള്ള ഓർഡിനൻസ് കൊണ്ടുവന്നത് യു.ഡി.എഫ്. സർക്കാരാണ്. നിത്യോപയോഗ സാധനങ്ങളുടെ വില മൂന്നിരട്ടിയായി വർദ്ധിച്ച സാഹചര്യത്തിൽ കേന്ദ്ര സർക്കാർ അസംഘടിത മേഖലയ്ക്ക് അനുവദിക്കുന്ന പെൻഷൻ സംസ്ഥാനത്തും നടപ്പിലാക്കണം. ഈ മേഖലയിൽ പല കേന്ദ്രാവിഷ്ക്കൃത പദ്ധതികളും പേരുമാറ്റി സംസ്ഥാന സർക്കാരിന്റെ പദ്ധതികളാക്കി നടപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. കുടിയേറ്റ

തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനത്തെക്കുറിച്ച് വ്യക്തമാക്കണം. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് രണ്ടുരൂപ നിരക്കിൽ അരി നൽകുമെന്ന പ്രഖ്യാപനം നടപ്പാക്കിയില്ല. കാഷ്യു കോർപ്പറേഷനുൾപ്പെടെ യുള്ള അസംഘടിത മേഖലയിൽ തൊഴിലാളികൾക്ക് പ്രഖ്യാപിച്ച ഡി.എ. പോലും കൊടുക്കുന്നില്ല. കശുവണ്ടി ഫാക്ടറികൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയോ അതിന് സാധിക്കുന്നില്ലെങ്കിൽ അവ സ്വകാര്യ ഉടമ കൾക്ക് കൈമാറുകയോ ചെയ്യണം. അസംഘടിത മേഖലയിലെ തൊഴിലാളി കൾക്ക് മിനിമം വേജസ് നടപ്പാക്കണം. ഇതിനായി ലേബർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ലേബർ ഡിപ്പാർട്ടുമെന്റിലെ ഇപ്പോഴുള്ള സ്റ്റാഫ് സ്ട്രെംഗ്തിൽ കാലാനുസൃത മായ മാറ്റം വരുത്തണം. ലേബർ കമ്മീഷണർ, അഡീഷണൽ ലേബർ കമ്മീ ഷണർ തുടങ്ങി ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ എത്രയുംവേഗം നിയ മനം നടത്തണം. ചീഫ് എക്സിക്യൂട്ടീവ് ആഫീസർമാർ ഇല്ലാത്ത ക്ഷേമ ബോർഡുകളുടെ ചുമതല കൂടി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് നൽകിയിരിക്കുന്നതിനാൽ നിരവധി വർക്ക്സ്മെൻ കോമ്പൻസേഷൻ കേസുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുയാണ്. ഫെയർ വേജസിനുവേണ്ടി കാലോചിതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ബിൽ കൊണ്ടു വരണം. ഒരു സ്ഥാപനത്തിൽ തൊഴിൽ പ്രശ്നങ്ങളുണ്ടാകുകയാണെങ്കിൽ ആ പ്രശ്നത്തിന്മേൽ ഇന്ററിം ഉത്തരവ് നൽകാനും അഡ്ജുഡിക്കേഷന് വിടാനും വ്യവസ്ഥ നൽകിയിരുന്നെങ്കിലും ആറ് മാസമോ അഡ്ജുഡി ക്കേഷൻ അവാർഡ് വരുന്നതുവരേയോ എന്ന ഭേദഗതി കൊണ്ടുവന്ന് ഐ.ഡി. ആക്റ്റിന്റെ സെക്ഷൻ 10 (ബി)-യിൽ ഒരു വ്യക്തത വരുത്തണം.

<u>ശ്രീ. സൈമണ്‍ ബ്രിട്ടോ റോഡ്രിഗ്സ്:</u> ധനാഭ്യര്‍ത്ഥനകളെ അനുകൂലിക്കുന്നു. വിദേശരാജ്യങ്ങളിലെപ്പോലെ വൈന്‍ വീടുകളിലുണ്ടാക്കുന്നതിന് അനുവാദം നല്‍കുന്നതിനെക്കുറിച്ച് ഗവണ്‍മെന്റ് ഗൗരവമായി ആലോചിക്കണം. കേരളത്തെ തൊഴില്‍സുരക്ഷയുള്ള സംസ്ഥാനമാക്കിയത് 1957-ല്‍ ഇ. എം. എസ്. ഗവണ്‍മെന്റ് അധികാരത്തില്‍ വന്നതിനുശേഷം കൊണ്ടുവന്ന ഒമ്പത് നിയമങ്ങളാണ്. കേരളത്തില്‍ മൈഗ്രന്റ് ലേബറേഴ്സും ഐ. ടി. മേഖലയില്‍ ജോലിയെടുക്കുന്നവരുമാണുള്ളത്. കേന്ദ്ര-സംസ്ഥാന ഗവണ്‍മെന്റുകള്‍ തൊഴിലാളികളോടെടുക്കുന്ന നിലപാടുകളെ വേര്‍തിരിച്ച് മനസ്സിലാക്കുന്നതിനുവേണ്ടിയാണ് സെസ്സ് നിയമം പാസ്സാക്കിയത്. ജനസാന്ദ്രതയുള്ള കേരളത്തില്‍ കേന്ദ്ര സെസ്സ് നിയമത്തില്‍ പറഞ്ഞിട്ടുള്ള വ്യവസ്ഥകള്‍ പാലിക്കാന്‍ ബുദ്ധിമുട്ടാണ്. ഭൂമിയുടെ കാര്യത്തില്‍ അമ്പത് ശതമാനം വ്യവസായ ആവശ്യങ്ങള്‍ക്കും അമ്പത് ശതമാനം അനുബന്ധ കാര്യങ്ങള്‍ക്കും വിനിയോഗിക്കണമെന്ന കേന്ദ്ര വ്യവസ്ഥ പാലിക്കാന്‍ കഴിയുകയില്ല. സംസ്ഥാന ഗവണ്‍മെന്റ് സെസ്സ് നിയമത്തില്‍ പറഞ്ഞത് ഭൂമിയുടെ എഴുപത് ശതമാനം വ്യവസായ ആവശ്യത്തിനും മുപ്പത് ശതമാനം അനുബന്ധ കാര്യങ്ങള്‍ക്കും വിനിയോഗിക്കണമെന്നാണ്. തൊഴില്‍ നിയമങ്ങള്‍, ട്രേഡ് യൂണിയന്‍ നിയമങ്ങള്‍, ക്ഷേമനിധി നിയമങ്ങള്‍, പി. എഫ്. നിയമം, ഫാക്ടറീസ് ആക്ട്, ഗ്രാറ്റുവിറ്റി നിയമം ഇവയെല്ലാം സെസ്സിന് ബാധകമാണെന്ന് സംസ്ഥാന ഗവണ്‍മെന്റ് പറഞ്ഞപ്പോള്‍ അത് ബാധകമാക്കാത്ത സെസ്സുകളാണ് മറ്റ് സംസ്ഥാനങ്ങളിലുള്ളതെന്നാണ് കേന്ദ്ര ഗവണ്‍മെന്റ് പറഞ്ഞത്. ഇന്‍ഡസ്ട്രിയല്‍ ഡിസ്പ്യൂട്ട് ആക്ടിലെ സെക്ഷന്‍ 5-ല്‍നിന്നും സെസ്സിനെ ഒഴിവാക്കിക്കൊടുക്കണമെന്നാണ് കേന്ദ്ര ഗവണ്‍മെന്റ് ആവശ്യപ്പെ

ടുന്നത്. പഞ്ചായത്ത് രാജ് ആക്ടിലെ 200-ാം വകുപ്പിൽനിന്നും സെസ്സിനെ ഒഴിവാക്കാതെ ഗവൺമെന്റ് നിയമനിർമ്മാണം നടത്തിയത് തൊഴിലാളികളുടെ പരിരക്ഷ ഉറപ്പുവരുത്താനാണ്. വ്യവസായികളെടുക്കുന്ന കമ്പോളവ്യവസ്ഥ യിലെ സ്വാർത്ഥതാൽപ്പര്യങ്ങൾ സമൂഹത്തിന്റെ ക്ഷേമത്തിന് ഉതകുന്നതല്ല. കോർപ്പറേറ്റുകളുടെ ഉത്തരവാദിത്വം ഓഹരി ഉടമകളോടാണെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്വം ജനങ്ങളോടും തൊഴിലാളിക ളോടുമാണെന്ന് തെളിയിക്കുന്നതാണ് സെസ്സ് ആക്ട്. വൻകിട കുത്തകക്കമ്പനികൾ തൊഴിലാളികളുടെ സാമൂഹ്യസുരക്ഷയിൽനിന്നും പിന്മാ റുന്ന സാഹചര്യമുണ്ടായപ്പോൾ അവരെ നിയന്ത്രിക്കാൻ വേണ്ടിയാണ് സംസ്ഥാന ഗവൺമെന്റ് സെസ്സ് നിയമം കൊണ്ടുവന്നത്. ഈ നിയമ സംവി ധാനത്തിനകത്തുനിന്നുകൊണ്ട് പരമാവധി ചെലവുകുറയ്ക്കാനാണ് സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നത്. ഭോപ്പാൽ ദുരന്തത്തിനിരയായ ഭാരതീ യരുടെ ജീവന് വെറും അഞ്ഞൂറ് ഡോളർ വില മാത്രം നൽകിയ യൂണിയൻ കാർബൈഡ് കമ്പനിയുടെ നിലപാടിന് വിരുദ്ധമായി ഒരു വ്യവസായ സ്ഥാപനത്തിൽ ഒന്നാം സ്ഥാനം തൊഴിലാളികൾക്ക് കൊടുക്കുക എന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ കൺസെപ്ട്. ഗ്ലോബലൈസേഷൻകൊണ്ട് തൊഴിലാളികളെ പിഴിഞ്ഞ് പണിയെടുപ്പിക്കുക എന്നുള്ളതിൽക്കവിഞ്ഞ് നാടിന് ഗുണമൊന്നുമില്ല.

<u>പ്രൊഫ. എൻ. ജയരാജ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വാഴൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന പ്രിന്റിംഗ് പ്രസ്സ് ആധുനികവൽക്കരിക്കാനും ആവശ്യമായ പശ്ചാത്തലസൗകര്യമൊരുക്കാനും നടപടി സ്വീകരിക്കണം. 16 വർഷമായി അടഞ്ഞുകിടക്കുന്ന വാഴൂർ

ഗവൺമെന്റ് പ്രസ്സിലേയ്ക്കുള്ള പ്രധാനകവാടം തുറന്നുകൊടുക്കണം. വാഴൂർ പ്രിന്റിംഗ് പ്രസ്സിൽ പേപ്പർ റീലുകൾ സൂക്ഷിക്കുന്നതിനായി ഗോഡൗൺ സ്ഥാപിക്കുന്നതിനും ക്രെയിൻ വാങ്ങുന്നതിനും ജീവന ക്കാർക്കായി ഒരു ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. പ്രിന്റിംഗ് പ്രസ്സുകളിലെ ജീവനക്കാർക്ക് മെഷീനുകളിൽ നിന്നുണ്ടാകാറുള്ള അപകടങ്ങളിൽ നിന്ന് പരിരക്ഷ നൽകാൻ നടപടി സ്വീകരിക്കണം. കോട്ടയത്തെ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സെക്ഷനിലെ എച്ച്.ടി. ട്രാൻസ്ഫോർമറിന് ആവശ്യമായ മെയിന്റനൻസ് നടത്താൻ അടിയന്തിര നിർദ്ദേശം നൽകണം. മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും തടയണം. പ്രതിശീർഷ മദ്യഉല്പാദനവും ഉപഭോഗവും സംസ്ഥാനത്ത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മദ്യഉപഭോഗം മദ്ധ്യവയസ്ക രുടെ ഇടയിൽ കരൾരോഗവും ഉദരരോഗങ്ങളും വർദ്ധിപ്പിക്കുന്നതായിട്ടാണ് കണക്കുകൾ വെളിപ്പെടുത്തുന്നത്. മദ്യപാനവും ആരോഗ്യരംഗത്തുണ്ടാ കുന്ന പ്രശ്നങ്ങളും സംബന്ധിച്ച് ഗൗരവമായ പഠനമുണ്ടാകണമെന്ന മുൻ സബ്ജക്ട് കമ്മിറ്റി നിർദ്ദേശം ഇതുവരെപാലിക്കപ്പെട്ടിട്ടില്ല. സർക്കാരിന് വരുമാനം വർദ്ധിക്കുന്നുവെന്ന് പറ യുമ്പോൾ ഇതിനുവേണ്ടിവരുന്ന സാമൂഹികചെലവ് വളരെ കൂടുകയാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. കഴിഞ്ഞ കാലയളവിൽ 412 ബാറുകൾ റെഗുലറൈസ് ചെയ്യുകയും 130 പുതിയ ബാറുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ തലമുറയെ മദ്യപാനാസക്തിയിൽ നിന്ന് രക്ഷപ്പെടുത്താൻ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. ബോധവൽക്കരണത്തിനായി സർക്കാർ ഒരു കോടി രൂപയാണ്

നീക്കിവച്ചിട്ടുള്ളത്. സംസ്ഥാനത്തെ ഒട്ടനവധി ജനങ്ങളുടെ ജീവിതോപാധിയായ കള്ളുചെത്ത് മേഖലയെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മദ്യത്തേയും മദ്യവ്യവസായത്തേയും പ്രോത്സാഹിപ്പിക്കുന്ന നിലപാടിൽ നിന്നും സർക്കാർ പിന്മാറണം. മദ്യത്തിന്റെ ദോഷവശങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എൻ. രാജൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ നാലുവർഷമായി തൊഴിൽരംഗത്ത് സമാധാനവും പുതിയ തൊഴിൽ സംസ്ക്കാരവും അതോടൊപ്പം തൊഴിൽ താത്പര്യവും വളർത്തിക്കൊണ്ടുവരാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തൊഴിലില്ലായ്മ കുറയുന്നതായിട്ടാണ് നാഷണൽ സാമ്പിൾ സർവേ വ്യക്തമാക്കുന്നത്. ഗ്രാമങ്ങളിൽ സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ തൊഴിലില്ലായ്മ കുറയുന്നു. തൊഴിലാളിക്ഷേമവും അവരുടെ ആരോഗ്യവും ഉറപ്പുവരുത്തുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സമാധാനപരമായ തൊഴിൽ അന്തരീക്ഷം നിലനിറുത്തുന്നതിനുവേണ്ടി ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡ് പുന:സംഘടിപ്പിക്കുകയും വിവിധ രംഗങ്ങളിൽ ഐ.ആർ.സി.-ക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട തൊഴിൽ മേഖലകളിൽ മിനിമം വേജസ് പുതുക്കി ഉത്തരവിറക്കിയിട്ടുണ്ട്. തൊഴിൽ മേഖലകളിൽ തൊഴിൽ നിഷേധവും തൊഴിലുടമകളെ സഹായിക്കുന്ന നയവു മായിരുന്നു കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്ത് എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയിരുന്നത്. ഈ സർക്കാർ തൊഴിൽമേഖലയിൽ ശക്തമായി ഇടപെട്ടതി നെത്തുടർന്ന് കഴിഞ്ഞ നാലുവർഷമായി തൊഴിലില്ലായ്മ കുറയ്ക്കാനും ഗ്രാമപ്രദേശങ്ങളിലെ തൊഴിലാളികൾക്ക് തൊഴിൽ ചെയ്യാനുള്ള

താല്പര്യമുണ്ടാക്കാനും കഴിഞ്ഞു. എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തമാക്കി. തൊഴിലാളിക്ഷേമത്തിന് ഊന്നൽ നൽകുകയും ക്ഷേമനിധികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി കൂടുതൽ വിഭാഗങ്ങളെ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരാനും ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. ഏകദേശം 50 ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം, പെൺകുട്ടികളുടെ വിവാഹ ധനസഹായം തുടങ്ങി വിവിധതരം ആനുകൂല്യങ്ങൾ മുടക്കംകൂടാതെ നൽകിവരുന്നു. ക്ഷേമപെൻഷൻ 300 രൂപയാക്കി വർദ്ധിപ്പിച്ചു. 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകാൻ നടപടി സ്വീകരിച്ചു. 16 ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികളുടെ ക്ഷേമനിധി കുടിശ്ശിക കൊടുത്തുതീർത്തുകൊണ്ടിരിക്കുന്നു. തൊഴിലാളികളുടെ അംശദായത്തിന് സമാനമായ തുക ഗവൺമെന്റ് വിഹിതമായി ക്ഷേമനിധിയിൽ അടയ്ക്കുന്നതിന് നടപടി സ്വീകരിച്ചു. ഭൂ ഉടമകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അവധി ദിവസങ്ങളൊഴികെ ബാക്കിയെല്ലാ ദിവസവും കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് പണി നൽകാനും അവരുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കാനും നടപടി സ്വീകരിച്ചു. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കേരളത്തിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും നടപ്പിലാക്കാൻ ശ്രമം ആരംഭിച്ചു. കേന്ദ്ര പദ്ധതികളായ രാഷ്ട്രീയ സ്വാസ്ഥ്യയോജനയും ആം ആദ്മി ബീമാ യോജനയും വിപുലീകരിച്ച് നടപ്പിലാക്കി. 35 ലക്ഷം ബി.പി.എൽ കുടുംബങ്ങളെ ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുകയാണ്. ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുടെ സേവനം ലഭ്യമാക്കുന്നതിനുവേണ്ടി 59 സ്വകാര്യ സൂപ്പർ

സ്പെഷ്യാലിറ്റി ആശുപത്രികളുമായി കരാറിൽ ഒപ്പുവച്ചു. ഐ.ടി.ഐ-കളുടെ എണ്ണം വർദ്ധിപ്പിക്കുകയും പുതിയ ട്രേഡുകൾ ഉൾപ്പെടുത്തി കൂടുതൽ കാര്യക്ഷമമാക്കുകയും സ്കിൽഡ് തൊഴിലാളികളെ വളർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. തൊഴിൽ വകുപ്പിന്റെ ശക്തമായ ഇടപെടലിനെത്തുടർന്ന് അടച്ചിട്ടിരുന്ന 22 തോട്ടങ്ങളിൽ 17 എണ്ണം തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചു. ബാക്കിയുള്ള തോട്ടങ്ങൾകൂടി തുറന്നുപ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് വകുപ്പ് ആരംഭിച്ചിട്ടുള്ള അന്തർദേശീയ നിലവാരത്തിലുള്ള 'രാസ അപകട നിയന്ത്രണ സെന്റർ'-ലൂടെ ഹൈവേകളിൽ ടാങ്കർലോറികൾ മറിഞ്ഞുണ്ടാകുന്ന അപകടങ്ങളെ ലഘൂകരിക്കാൻ കഴിയും. കേരളത്തിലെ പല കള്ളുഷാപ്പുകളും അടഞ്ഞുകിടക്കുന്നതിനാൽ അവരുടെ കുടുംബങ്ങളിലെ ദയനീയാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി ഗവൺമെന്റ് ശക്തമായ ഇടപെടൽ നടത്തണം. കള്ള് വ്യവസായത്തെ പ്രോത്സാഹിപ്പിക്കണം. തെങ്ങ് ചെത്തുതൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷിതത്വവും സഹായവും അനുകൂല പദ്ധതികളും ഏർപ്പെടുത്തണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽക്കൂടിയുള്ള അനധികൃത സ്പിരിറ്റ് കടത്ത് തടയാൻ നടപടി സ്വീകരിക്കണം. വ്യാജ മദ്യവൽപ്പനയും മദ്യഉപഭോഗവും വർദ്ധിച്ചിരിക്കുന്നു. വിദ്യാലയങ്ങളിൽനിന്നും ആരാധനാലയങ്ങളിൽനിന്നുമുള്ള ദൂരപരിധി കണക്കിലെടുക്കാതെ ഷാപ്പുകൾ അനുവദിക്കുന്നത് നിയന്ത്രിക്കണം. പരപ്പനങ്ങാടിയിലെ മദ്യഷാപ്പ് നിർത്തലാക്കണം. പുതിയ തലമുറയിൽ മദ്യപാനാസക്തിയുണ്ടാകുന്ന സ്ഥിതി

അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. വർദ്ധിച്ചുവരുന്ന റോഡപകടങ്ങളും സമൂഹത്തിലെ കുറ്റകൃത്യങ്ങളും മദ്യപാനവുമായി ബന്ധപ്പെട്ടിരിക്കുന്നു. മദ്യവിൽപ്പനയിൽ നിന്ന് ലഭിക്കുന്ന വരുമാനം ഉപേക്ഷിക്കുമെന്ന സമീപനം സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. മദ്യാസക്തി പലതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾക്ക് വഴിതെളിക്കുന്നു. നാടിന്റെ രക്ഷയ്ക്കുവേണ്ടി സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. കെ. ടി. ജലീൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രതിശീർഷ മദ്യ ഉപഭോഗം വർദ്ധിച്ചുവരികയാണ്. മതസംഘടനകളുടേയും രാഷ്ട്രീയ പാർട്ടികളുടേയും തീരുമാനങ്ങൾക്കും നിലപാടുകൾക്കും വിരുദ്ധമായി സംസ്ഥാനത്ത് മദ്യപാനാസക്തി വർദ്ധിച്ചുവരുന്നതുസംബന്ധിച്ച് മത-രാഷ്ട്രീയ നേതൃത്വങ്ങൾ ഒരുമിച്ച് ഗൗരവമായ ആലോചന നടത്തണം. മദ്യവർജ്ജനത്തിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ODEPEC)-ന്റെ പ്രവർത്തനം കഴിഞ്ഞ നാലു വർഷങ്ങളിൽ ആശാവഹമാണ്. കേന്ദ്ര തൊഴിൽമന്ത്രാലയം ആവിഷ്ക്കരിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ ബി.പി.എൽ./എ.പി.എൽ. വിഭാഗക്കാരെ മുഴുവൻ ഉൾപ്പെടുത്തിക്കൊണ്ട് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയതുവഴി സംസ്ഥാന ഗവൺമെന്റിന് ഇന്ത്യാ ഗവൺമെന്റിന്റെ പുരസ്ക്കാരവും കേന്ദ്ര തൊഴിൽമന്ത്രാലയത്തിന്റെ ഔട്ട്സ്റ്റാന്റിംഗ് കോൺട്രിബ്യൂഷനുള്ള ബഹുമതിപത്രവും ലഭിക്കുകയുണ്ടായി. നാലുവർഷത്തിനിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

മുഖേന 55917 പേർക്ക് പല വകുപ്പുകളിലായി താൽക്കാലിക നിയമനം ലഭ്യമാക്കാനും കുടിശ്ശികയുൾപ്പെടെ 52 മാസത്തെ തൊഴിൽരഹിത വേതനം വിതരണം ചെയ്യാനും കഴിഞ്ഞ നടപടി അഭിനന്ദനീയമാണ്. പുതിയതായി 40 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിച്ചതുവഴി സംസ്ഥാനത്തെ ഗവൺമെന്റ് ഐ.ടി.ഐ.കളുടെ എണ്ണം 73 ആയി വർദ്ധിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ മൂന്ന് പുതിയ സർക്കാർ ഐ.ടി.ഐ.കളും 49 ഐ.ടി.സി. കളും ആരംഭിച്ചു. പ്രവാസി കേരളീയരുടെ ക്ഷേമത്തിന് പ്രാമുഖ്യം നൽകി. സ്വകാര്യ ആശുപത്രികളെ ആശ്രയിച്ചുകൊണ്ടിരുന്ന പതിനായിരക്കണക്കിന് തൊഴിലാളികൾ ഇ.എസ്.ഐ ആശുപത്രികളിൽ ചികിത്സ തേടുന്ന സാഹചര്യമുണ്ടായി. ഇ.എസ്.ഐ.യുടെ കീഴിൽ മെഡിക്കൽകോളേജും നഴ്സിംഗ് കോളേജും ആരംഭിക്കുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്.

<u>ശ്രീ. എ.എ. അസീസ്</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. എല്ലാ വിഭാഗം തൊഴിലാളികളുടേയും തൊഴിലും സേവനവ്യവസ്ഥകളും സംരക്ഷിച്ചുകൊണ്ട് തൊഴിൽവകുപ്പ് കഴിഞ്ഞ നാലുകൊല്ലക്കാലം മാതൃകാപരമായ പ്രവർത്തനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽസമരം ഇല്ലാതായി. അടഞ്ഞുകിടന്ന പൊതുമേഖലാ സ്ഥാപനങ്ങളും തോട്ടങ്ങളും തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചു. കശുവണ്ടി ഫാക്ടറികളിൽ 12 മാസം ജോലിയും അർഹമായ ഡി.എ.യും നൽകുന്നുണ്ട്. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും മാതൃകാപരമായി പ്രവർത്തിക്കുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും വന്ന് പണിയെടുക്കുന്ന തൊഴിലാളികൾക്ക് വെൽഫെയർ സ്കീം ആരംഭിച്ചത് സ്വാഗതാർഹമാണ്. ഇടതുപക്ഷ

ജനാധിപത്യമുന്നണി ഗവൺമെന്റ് ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. കെ. സി. രാജഗോപാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിലാളികളുടെ ക്ഷേമവും പുരോഗതിയും വികസനവും ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടത്തുന്നത്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ 35 ലക്ഷത്തിലധികം ആളുകൾക്ക് പ്രയോജനം ലഭ്യമായി. അസംഘടിതമേഖലയിൽ പണിയെടുക്കുന്നവരേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവന്നത് സ്വാഗതാർഹമാണ്. ഷോപ്സ് ആന്റ് കൊമേഷ്യൽ എസ്റ്റാബ്ളിഷ്മെന്റ് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പെൻഷനും പ്രസവാനുകൂല്യങ്ങളും നൽകുന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. തോട്ടം തൊഴിലാളി ക്ഷേമനിധി നടപ്പിലാക്കിയതുപോലെ ആഭരണത്തൊഴിലാളി ക്ഷേമനിധിയും നടപ്പാക്കാൻ നടപടി സ്വീകരിക്കണം. പുതിയ ക്ഷേമനിധികൾ നടപ്പാക്കുകയും നിലവിലുണ്ടായിരുന്ന ക്ഷേമനിധികൾ പരിഷ്ക്കരിക്കുകയും ചെയ്തു. 2002-ലെ ചുമട്ടുതൊഴിലാളി നിയമം ഭേദഗതി വരുത്താൻ ധീരമായ നടപടി സ്വീകരിച്ചു. ക്ഷേമപദ്ധതികളുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് പുനക്രമീകരണം നടത്തണം. സമാനസ്വഭാവമുള്ള ക്ഷേമനിധികൾ സംയോജിപ്പിച്ച് സാമ്പത്തിക ഭദ്രതയുണ്ടാക്കണം. ക്ഷേമനിധിബോർഡിൽ നേരിട്ടുള്ള നിയമനം നടത്താനും മോട്ടോർ വാഹനമേഖലയിലെ ക്ഷേമനിധി കാലോചിതമായി പരിഷ്ക്കരിക്കാനും നടപടി സ്വീകരിക്കണം. ആട്ടോറിക്ഷാ തൊഴിലാളികളെക്കൂടി മോട്ടോർ വാഹന തൊഴിലാളിക്ഷേമനിധിയിൽ ഉൾപ്പെ

ടുത്തണം. വനമേഖലയിലെ തൊഴിലാളികളെക്കൂടി ടിംബർ വ്യവസായത്തിന്റെ പരിധിയിൽ കൊണ്ടുവരണം. ബാലവേല നിരോധിക്കുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തണം. വ്യാജമദ്യത്തോടൊപ്പം വ്യാജക്കള്ളിന്റെയും ഉൽപ്പാദനവും വിതരണവും തടയണം. മദ്യം വർജ്ജിക്കുന്നതിന് ബോധവൽക്കരണം നടത്തണം. എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ അഴിമതി തടയാനും ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. കൂടുതൽ കോഴ്സുകൾ അനുവദിച്ച് ഐ.ടി.ഐ. മേഖലയെ മികവിന്റെ കേന്ദ്രമാക്കി മാറ്റിയത് സ്വാഗതാർഹമാണ്. തെങ്ങ് കയറ്റത്തൊഴിലാളികളെ ഏതെങ്കിലും ക്ഷേമപദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനും ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ക്ഷേമനിധിയിൽ കാറ്ററിംഗ് തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. അന്യസംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയത് ശ്രദ്ധേയമായ കാര്യമാണ്, അവർ സംസ്ഥാനത്ത് സൃഷ്ടിക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ പഠനവിധേയമാക്കണം.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മദ്യവ്യവസായ വ്യാപാരരംഗത്തെ പ്രോത്സാഹിപ്പിക്കാനും മദ്യഉപഭോഗം വർദ്ധിപ്പിക്കാനുമുള്ള നടപടി അവസാനിപ്പിക്കണം. ഓരോ വർഷവും മദ്യപന്മാരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. സ്ക്കൂൾ-കോളേജുകൾ കേന്ദ്രീകരിച്ച് നടക്കുന്ന മദ്യപാനം ഒരു വിപത്തായി മാറിയിരിക്കുകയാണ്. മദ്യത്തിൽനിന്നും കിട്ടുന്ന വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം ബോധവൽക്കരണത്തിനായി മാറ്റിവയ്ക്കുന്നതിനും മത അധ്യക്ഷന്മാരേയും ജനപ്രതിനിധികളേയും മദ്യവിരുദ്ധ പ്രവർത്തകരേയും പങ്കെടുപ്പിച്ച്

സംസ്ഥാനതലത്തിൽ മദ്യവിരുദ്ധ കോൺഗ്രസ്സ് സംഘടിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം. മദ്യഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരിച്ചുകൊടുക്കണം. തീരദേശ നിയമം ലംഘിച്ച് നിർമ്മിച്ച കെട്ടിടം പൊളിച്ചുമാറ്റണമെന്നും ബാർ ലൈസൻസ് കൊടുക്കരുതെന്നും നീണ്ടകര ഗ്രാമപഞ്ചായത്തും ശാസ്ത്ര സാങ്കേതിക വകുപ്പും ആവശ്യപ്പെട്ടിട്ടും ലൈസൻസ് കൊടുക്കാനുള്ള എക്സൈസ് വകുപ്പിന്റെ ശുപാർശ പുന:പരിശോധിക്കണം.

ശ്രീ. ആർ. സെൽവരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് സൗഹൃദവും ശാന്തവുമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡും മിനിമം വേജസ് അഡ്വൈസറി ബോർഡും പുന:സംഘടിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് തൊഴിൽ സമരങ്ങളും ലോക്കൗട്ടും ഉണ്ടായിട്ടില്ല. പരമ്പരാഗത വ്യവസായം, കൈത്തറി, ബീഡി, ഖാദി, തയ്യൽ തുടങ്ങി വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുകൂടി ബി.പി.എൽ. വിഭാഗത്തിന്റെ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. കരകൗശല ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. തൊഴിൽ നിയമങ്ങൾ പരിഷ്ക്കരിക്കാനും പുതിയ ക്ഷേമനിധി ബോർഡുകൾ രൂപീകരിക്കാനും കൺസ്ട്രക്ഷൻ അക്കാഡമിയുടെ പ്രവർത്തനം ആരംഭിക്കാനും സാധിച്ചിട്ടുണ്ട്. കുടിയേറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തി. പനകയറ്റ തൊഴിലാളികൾക്കും തെങ്ങ് കയറ്റത്തൊഴിലാളികൾക്കും ക്ഷേമനിധി ഏർപ്പെടുത്തണം. വ്യാവസായിക പരിശീലന വകുപ്പിന്റെ പ്രവർത്തനം ശ്ലാഘനീയമാണ്. സർക്കാർ മേഖലയിൽ കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ പുതിയ

ഐ.ടി.ഐ.കൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ/ട്രേഡുകൾ അനുവദിക്കുന്നതിനും കൂടുതൽ തൊഴില വസരം സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും സംസ്ഥാനത്ത് സ്കിൽഡ്/ജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ച് തൊഴിൽ പരിശീലനം സാധ്യമാക്കാനും സാധിച്ചിട്ടുണ്ട്. നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് നിയമനനിരോധനം എടുത്തു മാറ്റാനും സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലിസാധ്യത ഉറപ്പാ ക്കാനും കഴിഞ്ഞിട്ടുണ്ട്. പാറശ്ശാലയിൽ ഒരു വനിതാ ഐ.ടി.ഐ. സ്ഥാപി ക്കാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്. വ്യാവസായിക-കാർഷിക-തൊഴിൽ മേഖലകൾ സംരക്ഷിക്കുന്നതിനുള്ള നയസമീപനവുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കേരളത്തിന് അർഹതപ്പെട്ട എല്ലാ ധനസഹായവും ലഭ്യമാക്കാൻ കേന്ദ്ര ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ട്. സംസ്ഥാനം നടപ്പി ലാക്കുന്ന എല്ലാ വികസനപദ്ധതികളും കേന്ദ്രത്തിന്റേതാണെന്ന് ശഠിക്കുന്ന യു.ഡി.എഫ്.-ന്റെ നയം ശരിയല്ല. വിദ്യാസമ്പന്നരായ ചെറുപ്പക്കാർക്ക് തൊഴിൽ നിഷേധിക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരി ക്കുന്നത്.

ശ്രീ. യു. സി. രാമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കുത്തക മുതലാളിമാർക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന നയമാണ് സർക്കാർ സ്വീകരി ച്ചിരിക്കുന്നത്. തൊഴിൽവകുപ്പിൽ ഒഴിവുകൾ നികത്താനും ആവശ്യത്തിന് വാഹനങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. ആവശ്യത്തിന് ജീവന ക്കാരില്ലാത്തതിനാൽ പല ക്ഷേമനിധി ബോർഡുകളും തൊഴിലാളികൾക്ക് ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നില്ല. ക്ഷേമനിധിക ളുടെ അംശദായം വർദ്ധിപ്പിക്കാനുള്ള തീരുമാനം നടപ്പാക്കണം. തൊഴിൽ

വകുപ്പിലെ ജീവനക്കാരെ മറ്റുജോലികൾക്കായി വിന്യസിക്കുന്നത് നിറുത്തലാക്കണം. അസംഘടിത മേഖലയിലെ അർഹരായ തൊഴിലാളികൾക്ക് പെൻഷൻ നൽകാൻ നടപടിയെടുക്കണം. പരിധിയില്ലാതെ ബാർ ലൈസൻസ് നൽകി സംസ്ഥാനത്ത് മദ്യമാഫിയകളെ പ്രോൽസാഹിപ്പിക്കുന്ന നിലപാട് അവസാനിപ്പിക്കണം. അനധികൃത ചാരായവാറ്റുകാരും എക്സൈസുകാരും ഒത്തുകളിക്കുന്ന സ്ഥിതിയാണുള്ളത്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ അടച്ചുപൂട്ടണം. യോഗ്യതയില്ലാത്തവരെ നിയമിച്ചതുവഴി കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ മെഷീനുകൾ പ്രവർത്തനരഹിതമാകുന്ന സാഹചര്യമുണ്ടായി. ബഡ്ജറ്റ് വിഹിതം നൽകാതെ ക്ഷേമപദ്ധതികൾ പ്രഖ്യാപനത്തിൽ മാത്രമായൊതുക്കി. ബാർബർ, ബ്യൂട്ടീഷൻ തൊഴിലാളി ക്ഷേമപദ്ധതികളും കേന്ദ്രാവിഷ്ക്കൃത പദ്ധതികളും പ്രാവർത്തികമാക്കുന്നതിന് ഭരണാനുമതി നൽകണം. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് നൽകിയ തുക പൂർണ്ണമായി ചെലവഴിച്ചില്ല. ഐ.ടി.ഐ.-കളിൽ തൊഴിൽ സാധ്യതകളുള്ള കോഴ്സുകൾ ആരംഭിക്കുകയും കുന്നമംഗലത്ത് ഒരു ഐ.ടി.ഐ. സ്ഥാപിക്കുകയും ചെയ്യണം. ഐ.ടി.ഐ. ട്രെയിനികളുടെ സ്റ്റൈപന്റ് വർദ്ധിപ്പിക്കണം. കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ നടപ്പാക്കിയതിലുണ്ടായ വീഴ്ച പരിശോധിക്കണം. കേന്ദ്രാവിഷ്ക്കൃത പദ്ധതികൾക്ക് ലഭിച്ച തുക പൂർണ്ണമായി ചെലവഴിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. എ.എം. യൂസഫ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽരംഗത്ത് സമാധാനാന്തരീക്ഷം നിലനിർത്താൻ ഗവൺമെന്റിനു കഴിഞ്ഞു. വ്യവസായബന്ധ ബോർഡ് പുന:സംഘടിപ്പിച്ചു. കൊച്ചിൻ പോർട്ടിലെ അനധികൃത ട്രേഡ് യൂണിയൻ പിരിവ് അവസാനിപ്പിച്ചു. കേര

ളത്തിലെ വ്യവസായബന്ധ സമിതികളുടെ പ്രവർത്തനം ഇൻഡ്യയ്ക്കു തന്നെ മാതൃകയാണ്. മിനിമം വേജസ് അഡ്വൈസറി ബോർഡ് പുന:സംഘടിപ്പിച്ചു. 51 തൊഴിൽമേഖലകളിൽ മിനിമംവേജസ് നടപ്പിലാക്കി. തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് ലേബർ കോടതികളുൾപ്പെടെയുള്ള സംവിധാനം നിലവിൽവന്നു. വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ അർഹരായ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകി വരുന്നു. തൊഴിൽവകുപ്പിനു കീഴിലുള്ള റിക്രൂട്ട്മെന്റ് ഏജൻസി വഴി അർഹരായവർക്ക് വിദേശത്തേയ്ക്ക് ജോലിക്കുള്ള അവസരം ഉണ്ടാക്കിക്കൊടുത്തു. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ഒരു കുടുംബത്തിലെ അഞ്ചുപേർക്ക് പ്രതിവർഷം ചികിൽസയ്ക്കായി 30000 രൂപ വരെ ലഭ്യമാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി രാജ്യത്തിന് മാതൃകയാണ്. മയക്കുമരുന്നിനും കഞ്ചാവിനുമെതിരായി ശക്തമായ നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിക്കുന്നത്. സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് തോക്ക് നല്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ജീവൻ പണയംവച്ചുകൊണ്ട് വ്യാജമദ്യം, കഞ്ചാവ്, മയക്കുമരുന്ന് വേട്ട നടത്തുന്ന എക്സൈസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക അവാർഡ് ഏർപ്പെടുത്തണം. ഇ.എസ്.ഐ. ആനുകൂല്യം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിഞ്ഞു. 4 വർഷത്തിനുള്ളിൽ ഇ.എസ്.ഐ. ആനുകൂല്യത്തിലുണ്ടായിരുന്ന കുടിശ്ശിക കൊടുത്തു തീർത്തതിലൂടെ 40000 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ചു. ഇ.എസ്.ഐ. പദ്ധതിയുടെ പ്രയോജനം സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും

ആശുപത്രികളിലേയ്ക്കും വ്യാപിപ്പിക്കണം. ഇ.എസ്.ഐ. ആശുപത്രികളിൽ ആധുനികചികിത്സ ലഭ്യമാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഇ.എസ്.ഐ. ആശുപത്രികളുടെ നവീകരണത്തിന് ആററക്കോടി രൂപ ചെലവഴിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം പരമ്പരാഗത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഗുണകരമായ നടപടികളെടുത്തു. അന്യസംസ്ഥാനങ്ങളിൽനിന്നും വന്ന് ജോലിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തി. മദ്യപാനത്തിനെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി. ആലുവയിലുള്ള ബിവറേജസ് കോർപ്പറേഷന്റെ ഓഫീസ് സീപോർട്ട് എയർപോർട്ട് റോഡിലേയ്ക്ക് മാറ്റണം. കേരളത്തിലെ കർഷകത്തൊഴിലാളികൾക്കും അംഗൻവാടി ടീച്ചേഴ്സിനും ഹെൽപ്പർമാർക്കും ആനുകൂല്യം കൊടുക്കാനുള്ള നടപടി സ്വീകരിച്ചു. സ്ത്രീകൾക്ക് സമൂഹത്തിൽ തുല്യത കൈവരിക്കാനുള്ള നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാവ്യവസായങ്ങളെ തകർക്കുന്ന നയങ്ങളാണ് സ്വീകരിക്കുന്നത്. കേരളത്തിന്റെ സമഗ്രമായ വളർച്ചയും താൽപ്പര്യങ്ങളും സംരക്ഷിക്കാൻ കൂട്ടായി ശ്രമിക്കണം.

<u>ശ്രീ. എ. കെ. ചന്ദ്രൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ സ്വീകരിച്ച നടപടികളുടേയും നിലപാടുകളുടേയും ഫലമായി പൂട്ടിക്കിടന്നിരുന്ന 22 തോട്ടങ്ങളിൽ 17 എണ്ണം തുറന്ന് പ്രവർത്തിപ്പിക്കാനും പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നൽകാനും കഴിഞ്ഞിട്ടുണ്ട്. മാനേജ്മെന്റുകൾ കൊടുക്കേണ്ട ഗ്രാറ്റുവിറ്റി, ശമ്പളക്കുടിശ്ശിക എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പരമ്പരാഗത

തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിനും അവിടെ പണിയെടുക്കുന്നവരുടെ കുടുംബാംഗങ്ങളുടെ പുരോഗതിക്കുംവേണ്ടി ഒട്ടേറെ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചു. സംഘടിതരും അസംഘടിതരുമായ തൊഴിലാളിക ളുടെ ക്ഷേമത്തിനുവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലുള്ള തൊഴിലാളികളുടെ ആനുകൂല്യങ്ങളും പെൻഷനും വർദ്ധി പ്പിക്കുകയും ക്ഷേമനിധി പെൻഷനുകളുടെ രണ്ടുവർഷത്തെ കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തു. കർഷകത്തൊഴിലാളി ക്ഷേമനിധി യിൽനിന്ന് തൊഴിലാളികൾക്ക് കൊടുക്കേണ്ടിയിരുന്ന കുടിശ്ശിക കൊടുത്തുതീർക്കാൻ 115 കോടി രൂപ അനുവദിച്ചു. വരുമാനപരിധി എടുത്തുകളഞ്ഞുകൊണ്ട് അർഹരായ മുഴുവൻ കർഷകത്തൊഴിലാളി കൾക്കും പെൻഷൻ ലഭ്യമാക്കണം. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഫോറസ്റ്റ് വാച്ചർമാരുടെ വേതനം വർദ്ധിപ്പിക്കണം. ഓട് കമ്പനി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കണം. വിവിധ വിഭാഗ ത്തിലുള്ള തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും പുതിയ ക്ഷേമനിധി പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. പ്രവാസി മലയാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമുള്ള പദ്ധതി നടപ്പിലാക്കി. ആഭരണ നിർമ്മാണത്തൊഴിലാളികൾക്ക് ക്ഷേമനിധി നടപ്പിലാക്കാനുള്ള നടപടികളാരംഭിച്ചു. തെങ്ങുകയറ്റത്തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്തണം. എക്സൈസ് വകുപ്പിൽ പുതുതായി പതിനൊന്ന് റേഞ്ചുകൾ സ്ഥാപിക്കുകയും എൻഫോഴ്സ്മെന്റും ഭരണവി ഭാഗവും വേർപെടുത്തി പ്രത്യേക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാ ക്കുകയും ചെയ്തതിന്റെ ഫലമായി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിക്കുകയും

വ്യാജമദ്യത്തിന്റെ വിപണനവും സ്പിരിറ്റ് കള്ളക്കടത്തും ഗണ്യമായി കുറച്ചു കൊണ്ടുവരാൻ കഴിയുകയും ചെയ്തു. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണം നടത്തണം. വീര്യം കൂടിയ മദ്യത്തിന്റെ വിപണനം കുറയ്ക്കണം. ബാറുകളുടെ വ്യാപനത്തിന് നിയന്ത്രണം ഏർപ്പെടുത്തണം. ബാർ ലൈസൻസുകൾക്ക് അനുമതി നൽകുമ്പോൾ തദ്ദേശഭരണ സ്ഥാപന ങ്ങളുടെ അഭിപ്രായംകൂടി കണക്കിലെടുക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടച്ചിട്ടിരുന്ന 1610 കള്ളുഷാപ്പുകളിൽ 852 എണ്ണം തുറന്ന് പ്രവർത്തിപ്പിച്ചു. കള്ള് വ്യവസായ രംഗത്തെ തൊഴിലാളികളുടെ പെൻഷനും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ നിയമഭേദഗതി കൊണ്ടുവരികയും പെൻഷൻ 500 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തു. തൊഴിലധിഷ്ഠിത പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളേയും അവരുടെ കുടുംബത്തേയും സഹായിക്കുവാനുള്ള നിർദ്ദേശങ്ങളടങ്ങിയ ഉദയഭാനു കമ്മീഷന്റേയും ലളിതാംബിക കമ്മിറ്റിയുടേയും നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പാക്കണം. വീര്യം കുറഞ്ഞ കള്ളിന് പ്രോൽസാഹനം നൽകാനും വീര്യം കൂടിയ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരാനും കഴിയണം.ബാറുക ളുടെ ദൂരപരിധി തന്നെ കള്ളുഷാപ്പുകൾക്കും ബാധകമാക്കണം. കള്ള് ചെത്ത് വ്യവസായത്തെ തകർക്കാനുള്ള ഗൂഢശ്രമം തടയണം. ശുദ്ധമായ കള്ള് ഉൽപ്പാദിപ്പിക്കുന്നതിന് നടപടിയുണ്ടാകണം. കള്ള് ചെത്ത് വ്യവസായ രംഗത്ത് അവശേഷിക്കുന്ന തൊഴിലാളികളെ നിലനിർത്തുന്നതിനും പുതുതായി തൊഴിലാളികളെ ആകർഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. കള്ള് ചെത്ത് വിപുലമാക്കുന്നത് കേരകർഷകർക്കും ഗുണ കരമാകും. കള്ളിൽ മായം ചേർക്കുന്നത് തടയുന്നതിന് പരിശോധനയും

നടപടിയും സ്വീകരിക്കുന്നത് സ്വാഗതാർഹമാണെങ്കിലും അതിന്റെ പേരിൽ കള്ളുഷാപ്പുകൾ പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകരുത്. ഒരു ഗേറ്റും ഒരു കൗണ്ടറും എന്ന രീതിയിൽ അനുവദിച്ചിട്ടുള്ള ബാറുകളിൽ ഒന്നിൽക്കൂടുതൽ ഗേറ്റുകളും കൗണ്ടറുകളും പ്രവർത്തിക്കുന്നതിനെതിരെ ശക്തമായ നടപടികളുണ്ടാകണം. കള്ളുഷാപ്പുകൾ പൂട്ടിച്ച് ബാറുകളിലെ കച്ചവടം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം തടയണം. വടക്കാഞ്ചേരി റേഞ്ചിലെ തൊഴിൽ നിഷേധിക്കപ്പെട്ട നാല് മദ്യവ്യവസായ തൊഴിലാളികളെ തിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. കേരളത്തിലുണ്ടായിരുന്ന ഐ.ടി.ഐ.-കളുടെ എണ്ണം ഈ വർഷം 73 ആയി വർദ്ധിക്കുകയാണ്. 8 ഐ.ടി.ഐ.-കളെ അപ്ഗ്രേഡ് ചെയ്യാനും 34 ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റാനും കഴിഞ്ഞതിന്റെ ഫലമായി ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പഠനത്തിനും തൊഴിൽ പരിശീലനത്തിനും അവസരം ലഭിച്ചു. മാള ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ ഐ.ടി.ഐ.-കളിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് രാഷ്ട്രീയ സ്വസ്ത് ബീമ യോജന മാതൃകാപരമായി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. സമൂഹത്തിലെ ദുർബ്ബലരായ കൂടുതൽ ആളുകളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. കർഷകത്തൊഴിലാളികളുടെ പെൻഷനുൾപ്പെടെയുള്ള എല്ലാ പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കുകയാണ്. എല്ലാ ക്ഷേമനിധി ബോർഡുകളുടേയും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളി മേഖലയിൽ നില

നിൽക്കുന്ന അനഭിലഷണീയ പ്രവണതകൾ തിരുത്തണം. മോട്ടോർ തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമാണ്. പഴയ സ്ക്കീമിലുള്ള ഓട്ടോറിക്ഷാ തൊഴിലാളികളെ 2005-ലെ പുതിയ സ്ക്കീമിൽ ഉൾപ്പെടുത്താനാവശ്യമായ നടപടിയുണ്ടാകണം. മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകണമെങ്കിൽ ഉടമയുടെ സമ്മതം ആവശ്യമാണെന്ന പ്രശ്നത്തിന് പരിഹാരം കാണണം. തെങ്ങുകയറ്റ തൊഴിലാളികളെക്കൂടി ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ചാരായനിരോധനംവഴി കുടിലുകളിൽപ്പോലും മദ്യം ലഭിക്കുന്ന സാഹചര്യമുണ്ടായി. എക്സൈസ് വകുപ്പിലെ അഴിമതി ഇല്ലാതാക്കി. അനധികൃത മദ്യവിൽപ്പന തടയാൻ വിപുലമായ പ്രചരണങ്ങൾ നടത്തി. മദ്യവർജ്ജനത്തിന്റെ ഭാഗമായിട്ടുള്ള ബോധവൽക്കരണ പരിപാടികൾ നടക്കുകയാണ്. സംസ്ഥാനത്ത് പുതിയ ബാറുകൾ അനുവദിച്ചത് നിയമാനുസൃതമായ നടപടികളിലൂടെയാണ്. ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് മദ്യദുരന്തം ഉണ്ടായിട്ടില്ല. കള്ളുചെത്ത് തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും കള്ളിന്റെ ഉൽപ്പാദനം കുറയുന്നതിന് പരിഹാരം കാണുകയും ചെയ്യണം. കള്ളുചെത്ത് രംഗത്ത് കൂടുതൽ തൊഴിലാളികളെ കൊണ്ടുവന്ന് സംസ്ഥാനത്തിന്റെ ആവശ്യത്തിനുവേണ്ട വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞാൽ അനധികൃത കള്ള് കച്ചവടം അവസാനിപ്പിക്കാൻ കഴിയും. തയ്യൽത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കുകയും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യണം. ക്ഷേമനിധിബോർഡുകളുടെ ഭരണച്ചെലവ് നിയന്ത്രിക്കണം. സമാനസ്വഭാവമുള്ള ക്ഷേമനിധിബോർഡുകൾ ഏകോപിപ്പിച്ച് തൊഴി

ലാളികൾക്ക് ഗുണപ്രദമാക്കണം. ഗവൺമെന്റ് പ്രസ്സുകളിൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനും പ്രസ്സുകളുടെ നവീകരണത്തിനും വേണ്ട നടപടി സ്വീകരിക്കണം.

ശ്രീ. സി. പി. മുഹമ്മദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 1997-ൽ സ്ഥാപിച്ച ഒ.ഡി.ഇ.പി.സി.-ക്ക് ഇതുവരെ 5793 പേർക്കാണ് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞത്. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ലക്ഷക്കണക്കിന് ആളുകൾ തൊഴിലിനുവേണ്ടി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുമ്പോൾ സംസ്ഥാനവ്യാപകമായി നടത്തുന്ന കരാർനിയമനങ്ങൾ അവസാനിപ്പിക്കാനും വേക്കൻസികൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനും നടപടി സ്വീകരിക്കണം. പ്രസ്സുകൾക്ക് പുതിയ മെഷീനുകൾ വാങ്ങാനും ബഡ്ജറ്റ് സംഖ്യ പാഴാക്കാതെ ചെലവാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. സ്റ്റോർ പർച്ചേസ് മാനുവലും പ്രസ്സ് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും പരിഷ്കരിക്കണം. അച്ചടിമേഖലയിൽ പ്രൊഫഷണലിസം നടപ്പാക്കണം. സൂപ്രണ്ടിന്റെ പ്രൊമോഷൻ തസ്തിക ഡയറക്ടറുടേതാക്കി മാറ്റാൻ നടപടി സ്വീകരിക്കണം. കേരളീയർ മദ്യത്തിനും മയക്കുമരുന്നിനും മതതീവ്രവാദത്തിനും അടിമപ്പെട്ടിരിക്കുകയാണ്. കേരളത്തിൽ ഒരു വർഷം 20000 കോടി രൂപയുടെ മദ്യമാണ് വിറ്റഴിക്കുന്നത്. കേരളത്തിൽ കുറ്റകൃത്യങ്ങൾ ഇന്ത്യൻ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. ഏറ്റവും കൂടുതൽ മനോരോഗികളുള്ള ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. കരൾ, ഹൃദ്രോഗ ബാധിതരുടേയും എണ്ണം പെരുകിക്കൊണ്ടിരിക്കുന്നു. മദ്യത്തിന്റെ ഉപയോഗം കേരളത്തിന്റെ ധാർമ്മിക സാംസ്ക്കാരിക സനാതന മൂല്യങ്ങളെ തകർക്കുകയാണ്. ബാർ ലൈസൻസുകൾ അനുവദിക്കുന്നതിന് നിശ്ചിത

ദൂരപരിധി നിശ്ചയിക്കണം. ഓരോ 5 വർഷം കൂടുമ്പോഴും ആയിരം കോടി രൂപയുടെ മദ്യവിൽപ്പന കൂടുന്നു. കേരളത്തിലെ ആളോഹരി മദ്യപാനം ദേശീയ ശരാശരിയേക്കാൾ കൂടിയിരിക്കുന്നു. വാഹനാപകടം, ഗാർഹിക പീഡനം, വിവാഹമോചനം എന്നിവയുടെ എണ്ണം കൂടുന്നു. മദ്യത്തിനെതിരെ ഫലപ്രദമായ ബോധവൽക്കരണം നടത്തണം. അബ്കാരി കുറ്റങ്ങൾ പെട്ടെന്ന് തീർക്കുന്നതിനും കുറ്റവാളികളെ ശിക്ഷിക്കുന്നതിനും ഫാസ്റ്റ്ട്രാക്ക് കോടതികളും സ്പെഷ്യൽ കോടതികളും സ്ഥാപിക്കണം. ഫോറൻസിക് ലാബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ശാസ്ത്രീയമായ കുറ്റാന്വേഷണരീതികൾ ഏർപ്പെടുത്തുന്നതിനും സംവിധാനം ഉണ്ടാക്കണം. കേരളത്തെ കലാപഭൂമിയാക്കാനുള്ള ശ്രമം തടയണം. കക്ഷിരാഷ്ട്രീയത്തിനതീതമായി മതതീവ്രവാദത്തിനെതിരായുള്ള പോരാട്ടം ശക്തിപ്പെടുത്തണം.

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : അനുദിനം വികസിച്ചുവരുന്ന സാങ്കേതികവിദ്യ കണക്കിലെടുത്ത് ഗവൺമെന്റ് പ്രസ്സുകളിലും അച്ചടിമേഖലയിലും ഗുണപരമായ മേന്മകൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ ആധുനികവൽക്കരണത്തിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ലഭിച്ചുകഴിഞ്ഞാൽ സ്വീകരിക്കപ്പെടേണ്ട പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. കേരള ഗസറ്റ്, ബഡ്ജറ്റ് രേഖകൾ, ബാലറ്റ് പേപ്പറുകൾ, വിവിധ വകുപ്പുകളുടെ ഭരണ റിപ്പോർട്ടുകൾ, സർക്കാർ കലണ്ടർ, ഡയറി, വിവിധ വകുപ്പുകൾക്കാവശ്യമായ ഫോറങ്ങൾ, സർവ്വീസ് നിബന്ധനകൾക്കാവശ്യമായ പുസ്തകങ്ങൾ, ധനകാര്യകമ്മീഷൻ റിപ്പോർട്ടുകൾ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടുകൾ, സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനാവശ്യ

മായ പുസ്തകങ്ങൾ എന്നിവ അച്ചടിക്കുന്നതിന് പുറമെ സർക്കാരിന്റെ രഹസ്യസ്വഭാവമുള്ള രേഖകൾ അച്ചടിക്കുന്നതിനുമുള്ള സംവിധാനം ഗവൺമെന്റ് പ്രസ്സിൽ നിലവിലുണ്ട്. ഗസറ്റ് പരിഷ്ക്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. ഗവൺമെന്റ് പ്രസ്സുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി വിവിധ സാങ്കേതിക വിഭാഗത്തിൽപ്പെട്ട കമ്പോസിറ്റർമാർക്ക് പരിശീലനം നൽകുന്ന പരിപാടി നടപ്പിലാക്കി. അച്ചടിവകുപ്പിൽ ദീർഘകാലമായി കെട്ടിക്കിടന്ന ഫയലുകളിൽ നല്ലൊരു ശതമാനവും തീർപ്പാക്കാൻ കഴിഞ്ഞു. പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്താൻ സാധിച്ചു. തിരുവനന്തപുരം സെൻട്രൽ പ്രസ്സിന്റെ പുതിയ കെട്ടിടനിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വാഴൂർ, ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സുകളിൽ വേസ്റ്റ്പേപ്പർ ഗോഡൗണുകളും വയനാട്, കണ്ണൂർ ഗവൺമെന്റ് പ്രസ്സുകളോടനുബന്ധിച്ച് ക്വാർട്ടേഴ്സും പ്രാവർത്തികമാക്കാൻ ശ്രമിക്കുകയാണ്. വാഴൂർ പ്രസ്സിന്റെ നവീകരണവും ഗവൺമെന്റിന്റെ പരിഗണനയിലാണ്. വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. വാഴൂർ ഗവൺമെന്റ് പ്രസ്സിലേയ്ക്കുള്ള പ്രധാന കവാടം അടച്ചത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അവിടത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചു വരികയാണ്. കൊല്ലം ജില്ലയിലെ ഉമയനല്ലൂരിൽ അച്ചടിവകുപ്പിനുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി. ഒന്നരക്കോടി റേഷൻകാർഡുകൾ അച്ചടിച്ച് സിവിൽ സപ്ലൈസ് വകുപ്പിന് നൽകി. കോടിക്കണക്കിന് രൂപ വിലപിടിപ്പുള്ള മൂന്ന് ഓഫ്സെറ്റ് മെഷീനുകൾ സ്ഥാപിക്കുന്നതിലൂടെ പാഠപുസ്തകങ്ങൾ, ലോട്ടറി ടിക്കറ്റ് എന്നിവയുടെ അച്ചടി ഗവൺമെന്റ് പ്രസ്സുകളിൽ നിർവ്വഹി

ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രസ്സുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കാനും ഭൗതികസാഹചര്യങ്ങൾ ഒരുക്കാനുമുള്ള ശ്രമങ്ങളാണ് സ്വീകരിച്ചുവരുന്നത്. മണ്ണന്തല പ്രസ്സിൽ പുതിയ ഫോർ കളർഷീറ്റ് ഫെഡ്ഡ് മെഷീനും സി.ടി.പി. മെഷീനും ഉടൻ സ്ഥാപിക്കുന്നതാണ്. കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി അച്ചടിജോലികൾ കൃത്യമായി നിർവ്വഹിക്കുകയാണ്. കാക്കനാട് ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയിലെ ഒഴിവുകൾ നികത്തുന്നതിനും പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടത്തെ ജീവനക്കാരും മാനേജ്മെന്റുമായി ചേർന്ന് പുതിയ പ്രവർത്തനശൈലി സ്വീകരിച്ചതിനെ ഗവൺമെന്റ് അനുമോദിക്കുകയാണ്. 2010-11 അധ്യയന വർഷത്തേയ്ക്കുള്ള മുഴുവൻ പാഠപുസ്തകങ്ങളുടേയും ഒന്നാംഭാഗം കൃത്യമായി അച്ചടിക്കുകയും രണ്ടാംഭാഗം പുസ്തകങ്ങളുടെ അച്ചടി സമയബന്ധിതമായി പുരോഗമിച്ചുവരികയുമാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി 32 പേജ് അച്ചടിക്കാവുന്ന ബഹുവർണ്ണ അച്ചടിയന്ത്രങ്ങൾ സ്ഥാപിക്കാനും അത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കൂടുതൽ ജീവനക്കാരെ നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന തൃശൂർ, കോട്ടയം, കാസർഗോഡ്, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലാ സ്റ്റേഷനറി ആഫീസുകൾ സർക്കാർ കെട്ടിടങ്ങളിലേയ്ക്ക് മാറ്റുകയും കൊല്ലം ജില്ലാസ്റ്റേഷനറി ആഫീസിന്റെ കെട്ടിടം 2010 മാർച്ചിൽ ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. സ്റ്റേഷനറി വകുപ്പിന്റെ പൗരാവകാശരേഖ നവംബറിൽ പൂർത്തീകരിച്ചു. നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നടപ്പാക്കുന്ന

ഇ-പ്രൊക്യുവർമെന്റ് പ്രോജക്ടിനുള്ള പൈലറ്റ് ഡിപ്പാർട്ടുമെന്റുകളിലൊന്നായി സ്റ്റേഷനറി വകുപ്പിനെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമതയുള്ളതുമായി തീരുന്നതാണ്. സർക്കാർ ഓഫീസുകൾക്കാവശ്യമായ സ്റ്റേഷനറി സാധനങ്ങളുടെ ഗുണനിലവാരപരിശോധനയ്ക്കായി ആധുനിക സൗകര്യങ്ങളോടുകൂടിയ ലാബ് സജ്ജീകരിക്കുന്നതാണ്. സ്റ്റേഷനറി വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള സാധനസാമഗ്രികൾ തിട്ടപ്പെടുത്തുന്നതിനും സ്റ്റോക്ക് പരിശോധിക്കുന്നതിനുമായി കമ്പ്യൂട്ടറൈസേഷൻ ത്വരിതപ്പെടുത്തുന്നതാണ്. സ്വന്തമായി കെട്ടിടമില്ലാത്ത സ്ഥലങ്ങളിൽ വസ്തുവാങ്ങി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ചന്ദ്രശേഖരൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഓരോ പ്രസ്സിലും ആധുനിക മെഷീനുകൾ പ്രവർത്തിപ്പിക്കാൻ കഴിയുന്ന വിധത്തിൽ തസ്തികകളുടെ പുനക്രമീകരണം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്പെഷ്യൽ റൂൾസ് ഭേദഗതി പി.എസ്.സി. അംഗീകരിക്കുകയും അത് നടപ്പിലാക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതുമാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആർ.എസ്.ബി.വൈ-യിൽ കഴിഞ്ഞവർഷം 11.79 ലക്ഷം കുടുംബങ്ങളെ ചേർക്കുകയും മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കിയതിന് കേന്ദ്ര തൊഴിൽവകുപ്പുമന്ത്രി അനുമോദിക്കുകയും കേന്ദ്രഗവൺമെന്റിൽനിന്ന് കീർത്തിപത്രം ലഭിക്കുകയുമുണ്ടായി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 11.78 ലക്ഷത്തോളം പേർക്ക് 30000 രൂപവരെ

സൗജന്യ ചികിത്സാ സഹായം ലഭ്യമാക്കുന്നതും 79 ശസ്ത്രക്രിയകൾക്ക് നിരക്കുകൾ നിശ്ചയിച്ച് മെഡിക്കൽ കേസുകൾക്ക് 500 രൂപയും ഇന്റൻസീവ് കെയർ യൂണിറ്റിലുള്ളവർക്ക് 1000 രൂപയും രോഗികൾക്ക് 100 രൂപ യാത്രാ ക്കൂലിയടക്കവും കൊടുക്കുന്ന ബൃഹത്തായ പദ്ധതിയാണിത്. സംസ്ഥാന ത്തുള്ള 134 ഗവൺമെന്റ് ആശുപത്രികളിലും 165 സ്വകാര്യ ആശുപത്രിക ളിലുമാണ് ഈ ചികിത്സ ലഭിക്കുന്നത്. കൂടുതൽ ആശുപത്രികളെക്കൂടി ഈ പദ്ധതിയുടെ പരിധിയിൽകൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 151280 കുടുംബങ്ങൾക്ക് ചികിത്സാസൗകര്യം നൽകുകയും 48 കോടി രൂപ ഗവൺമെന്റ് ആശുപത്രികളിലെ ചികിത്സാ സഹായമടക്കം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തികവർഷം ഹൃദ്രോഗം, വൃക്കരോഗം, ക്യാൻസർ എന്നിവയ്ക്ക് 70000 രൂപകൂടി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കുടുംബനാഥനോ കുടുംബനാഥയോ മരണപ്പെടുകയോ ഗുരുതരമായ പൊള്ളലേൽക്കുകയോ ചെയ്താൽ ഇൻഷ്വറൻസ് കമ്പനി 50000 രൂപ വീതം നൽകാനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ വർഷം പ്രസവചികിൽസയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ പന്ത്രണ്ട് ലക്ഷത്തി അറുപത്തിനാലായിരം കുടുംബങ്ങൾ ഇതിൽ ചേർന്നി ട്ടുണ്ട്. ബാക്കിയുള്ള കുടുംബങ്ങളെ ചേർക്കാൻ കേന്ദ്രസർക്കാരിന്റെ അനുവാദം വാങ്ങണം. 11.78 ലക്ഷം കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് പ്രിമീയം 75 ശതമാനം കേന്ദ്രസർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരുമാണ് നൽകേണ്ടത്. ബാക്കിയുള്ള കുടുംബങ്ങൾക്കെല്ലാം സംസ്ഥാന സർക്കാരാണ് ഇൻഷ്വറൻസ് പ്രിമീയം നൽകേണ്ടത്. 2009-10

സാമ്പത്തിക വർഷത്തിൽ ഐ.റ്റി.ഐ.-കൾക്കുവേണ്ടി 80.59 ശതമാനം പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചു. ഈ സർക്കാർ അധികാരത്തിൽവന്നതിനു ശേഷം 25 കോടി രൂപ ഇതിനായി മാറ്റിവച്ചു. അട്ടപ്പാടി ഐ.ടി.ഐ ഈ സർക്കാർ വന്നതിനുശേഷമാണ് പ്രവർത്തനമാരംഭിച്ചത്. 33 ഐ.ടി.ഐ.കൾ സെന്റർ ഓഫ് എക്സലൻസായി ഉയർത്തി. 23 ഐ.ടി.ഐ.കൾ കൂടി ആരംഭിച്ചു. ഈ സാമ്പത്തികവർഷം 15 ഐ.ടി.ഐ.-കൾക്കുകൂടി ബഡ്ജറ്റിൽ അനുവാദം നൽകിയിട്ടുണ്ട്. അതിനുപുറമേ ഹരിപ്പാട്, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി മണ്ഡലങ്ങളിൽക്കൂടി ഐ.ടി.ഐ.-കൾ ഈ വർഷം അനുവദിക്കണമെന്ന് ഫിനാൻസ് ഡിപ്പാർട്ടുമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 2008 ജനുവരി മാസത്തിൽ നടന്ന ആൾ ഇൻഡ്യ സ്കിൽ കോംപറ്റീഷനിൽ കേരളം രാജ്യത്തെ മികച്ച സംസ്ഥാനമായി തെരഞ്ഞെടുക്കപ്പെടുകയും മൂന്ന് വിദ്യാർത്ഥികൾ മികച്ച ട്രെയിനികളായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഐ.ടി.ഐ.കളിൽ പുതിയ ട്രേഡുകൾ ആരംഭിച്ച് എത്രയും പെട്ടെന്ന് തൊഴിൽ ലഭ്യമാക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതിനുപുറമേ ജോബ് ഫെയറുകളും ട്രേഡ് ഫെസ്റ്റുകളും നടത്തി 7710 ട്രെയിനികൾക്ക് ഉദ്യോഗം ലഭ്യമാക്കാൻ സാധിച്ചു. കൂടാതെ പ്ലേസ്മെൻറ് സെല്ലുകളും നടത്തിക്കൊണ്ടിരിക്കുന്നു. ഇപ്രകാരം ഐ.ടി.ഐ.-കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ നൽകുന്നതിനായി കേന്ദ്ര പൊതുമേഖലാസ്ഥാപനമായ മാരുതിയുമായി എം.ഒ.യു ഒപ്പിടാൻ തീരുമാനിച്ചിരിക്കുകയാണ്. എല്ലാവിഭാഗം തൊഴിലാളികളേയും ഏതെങ്കിലും ക്ഷേമപദ്ധതിയിൽ കൊണ്ടുവരാനുള്ള പരിശ്രമമാണ് നടത്തുന്നത്. എല്ലാവിഭാഗം തൊഴിലാളികൾക്കും മിനിമംവേജസ് ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. 28 വിഭാഗം

തൊഴിലാളികൾക്ക് മിനിമംവേജസ് പുതുക്കി നിർണ്ണയിക്കുകയോ പുതുതായി തീരുമാനിക്കുകയോ ചെയ്തു. തെങ്ങുകയറ്റത്തൊഴിലാളികൾ കർഷകത്തൊഴിലാളികളുടെ പരിധിയിൽ വരുന്നവരാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലുള്ള എല്ലാ തൊഴിലാളികളേയും തൊഴിലാളി കുടുംബങ്ങളേയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ജോലിയിൽ ഏർപ്പെട്ടിരിക്കെ അപകടമരണം സംഭവിക്കുന്ന മരം കയറ്റത്തൊഴിലാളികളുടെ ആശ്രിതർക്ക് 50000 രൂപ കൊടുക്കുന്നതാണ്. മൺപാത്ര നിർമ്മാണ തൊഴിലാളികളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ആഭരണത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ ലാ ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരം കിട്ടിയാലുടൻതന്നെ പ്രഖ്യാപിക്കുന്നതാണ്. കുടിയേറ്റ തൊഴിലാളികൾക്കുള്ള ക്ഷേമനിധിയുടെ പ്രവർത്തനം പുരോഗമിക്കുകയാണ്. ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ക്ഷേമനിധിയിൽ അംഗത്വമെടുത്ത് ഒരുവർഷം കോൺട്രിബ്യൂഷൻ അടയ്ക്കുന്ന പെൺകുട്ടികളുടെ പ്രസവത്തിന് 12 ആഴ്ച്ചക്കാലത്തെ ശമ്പളത്തിന് തുല്യമായ തുക പ്രസവാനുകൂല്യമായി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ക്ഷേമനിധി ബോർഡുകൾ വഴി 849 കോടി രൂപ സാമ്പത്തികസഹായമായി കൊടുത്തിട്ടുണ്ട്. ഫെയർവേജസ് ആക്ട് കേന്ദ്രഗവൺമെന്റിന്റെ അനുമതിയോടുകൂടി നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. കൺസ്യൂമർ പ്രൈസ് ഇൻഡക്സ് പുതുക്കി നിശ്ചയിക്കുന്നതിന് നിയോഗിച്ച കമ്മിറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ലേബർകോടതികളും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. വ്യവസായ ബന്ധബോർഡ് വളരെ വിജയകരമായി പ്രവർത്തിക്കുകയാണ്. പരമ്പരാഗത കരകൗശലത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനം കുണ്ടറയിൽ ഈ വർഷംതന്നെ ആരംഭിക്കും. എംപ്ളോയ്മെന്റ് എക്ചേഞ്ച് വഴി 55917 പേർക്ക് തൊഴിൽ കൊടുക്കാൻ സാധിച്ചിട്ടുണ്ട്. വിധവകൾ, നിയമപ്രകാരം വിവാഹമോചനം നടത്തേണ്ടിവന്നവർ, ഭർത്താവ് ഉപേക്ഷിച്ചവർ, അവിവാഹിതർ. എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർ എന്നിവർക്കുവേണ്ടി ഒരു സ്വയംതൊഴിൽ പദ്ധതി എംപ്ളോയ്മെന്റ് എക്ചേഞ്ചിന്റെ ചുമതലയിൽ ഈ സാമ്പത്തികവർഷം നടപ്പാക്കുന്നതാണ്.. തൊഴിൽരഹിത വേതനമിനത്തിൽ 194.93 കോടി രൂപ നൽകിയിട്ടുണ്ട്. കയർ, ഹാന്റ്ലൂം, കൈത്തറി, ഖാദി എന്നിവയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്കുവേണ്ടിയുള്ള ഇൻകം സപ്പോർട്ട് സ്കീം ഈ വർഷം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ എംപ്ളോയ്മെന്റ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ടുകൊണ്ട് വിവിധ തൊഴിൽനിയമങ്ങളെ സംബന്ധിച്ച് സെമിനാറുകൾ സംഘടിപ്പിക്കുന്ന പ്രവർത്തനം വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കൺസ്ട്രക്ഷൻ രംഗത്തെ നവീകരണം ലക്ഷ്യമാക്കി കൺസ്ട്രക്ഷൻ അക്കാഡമി ചാത്തന്നൂരിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെമിക്കൽ അപകടങ്ങൾ ഉണ്ടാകാതിരിക്കാനും കെമിക്കൽ അപകടങ്ങൾ ഉണ്ടായാൽ

രക്ഷാപ്രവർത്തനങ്ങൾ നടത്താനുംവേണ്ടി കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എഫ്.എ.സി.ടി. യുടെ സംയുക്ത സംരംഭത്തിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആന്റ് റിസർച്ച് സ്ഥാപിച്ചു. മദ്യാസക്തിക്കെതിരെ മജീഷ്യൻ മുതുകാടിന്റെ നേതൃത്വത്തിൽ മാജിക് ഷോ, ദൃശ്യനാടകം തുടങ്ങിയ ബോധവൽക്കരണ കാമ്പെയിൻ സംഘടിപ്പിച്ചു. ദുരന്തലഹരി എന്ന ഡോക്യൂഫിക്ഷൻ പ്രദർശിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിനും കള്ളിൽ മായം ചേർക്കൽ, സ്പിരിറ്റ് കള്ളക്കടത്ത് എന്നിവ അവസാനിപ്പിക്കുന്നതിനും മദ്യമാഫിയകളെ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിച്ചു. കള്ളിൽ ഫോറിൻ ഇൻഗ്രീഡിയന്റ്സ് ഉണ്ടോയെന്ന് പരിശോധിക്കുന്നതിന് ഗ്യാസ് ക്രൊമാറ്റോഗ്രാഫ് എന്ന ഉപകരണം സജ്ജമാക്കി. മിനി ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്താനും ചെക്ക്പോസ്റ്റുകളിൽ സ്നിഫർ ഡോഗ്സ്-നെ നിയോഗിക്കാനും തീരുമാനിച്ചു. എക്സൈസ് വകുപ്പിൽ 274 വനിതാജീവനക്കാരെ നിയമിക്കുന്നതാണ്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ തൊഴിൽസംരക്ഷണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കലും സ്വകാര്യവൽക്കരണവും, വിലക്കയറ്റം തടയൽ തുടങ്ങി കേന്ദ്രഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ദേശീയ പണിമുടക്ക് അടക്കമുള്ള പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇൻഡ്യയിൽ ജി.ഡി.പി. യുടെ 65 ശതമാനം സംഭാവന നൽകുന്ന 43.3 കോടി വരുന്ന അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് അതിന്റെ ഒരു ശതമാനംപോലും സഹായം നൽകാൻ കേന്ദ്രഗവൺമെന്റ് തയ്യാറാകുന്നില്ല. അതിൽനിന്നും വ്യത്യസ്തമായി ജനോപകാരപ്രദമായ നടപടികളുമായിട്ടാണ് സംസ്ഥാന ഗവൺമെന്റ്

മുന്നോട്ടുപോകുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിച്ചു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV -ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 29-നെതിരെ 73 വോട്ടുകളോടെ സഭ പാസ്സാക്കുകയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ ഉച്ചയ്ക്കുശേഷം 2.57-ന് പിരിഞ്ഞു.)